മി. സ്പീക്കർ: ഓർഡർ....ഓർഡർ....ചോദ്യം നമ്പർ *451

## കുറ്റകൃത്യങ്ങളേയും കുറ്റവാളികളെയും കുറിച്ചുള്ള അന്വേഷണം കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന പദ്ധതി

(*451) ശ്രീ. എം. എ. ബേബി:
ഡോ. ടി. എം. തോമസ് ഐസക്:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. ജെയിംസ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങളെയും കുറ്റവാളികളെയും കുറിച്ചുള്ള അന്വേഷണം കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന കേന്ദ്ര സഹായ പദ്ധതിയുടെ നടത്തിപ്പിനായി ടെക്നോപാർക്കിൽ സ്ഥാപിക്കപ്പെട്ട ഡാറ്റാബേസിന്റെ ചുമതല ഏത് സ്ഥാപനത്തിനാണ്; വിശദമാക്കാമോ; പോലീസ് സ്റ്റേഷനുകളിൽ നിന്നും കോർ ആപ്ലിക്കേഷൻ സോഫ്റ്റ്വെയറുകളിലേയ്ക്ക് എത്തുന്ന വിവരങ്ങൾ ഡാറ്റാബേസുകളിൽ സുരക്ഷിതമാണോ;

(ബി) ഏതെല്ലാം നെറ്റ് വർക്കുകൾ വഴിയാണ് ഡാറ്റാബേസിൽ വിവരങ്ങൾ ശേഖരിക്കപ്പെടുന്നതെന്ന് വിശദമാക്കാമോ;

(സി) ഡാറ്റാസെന്ററിന്റെ ചുമതലയും നെറ്റ് വർക്കിന്റെ ചുമതലയും ഏതെങ്കിലും സ്വകാര്യ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുണ്ടോ; പ്രസ്തുത സ്ഥാപനങ്ങളെ കണ്ടെത്തിയത്

ഏത് നിലയിലാണ്?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ,

(എ) കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷന്റെ (KSITM) ചുമതലയിൽ ടെക്നോപാർക്കിൽ സ്ഥിതി ചെയ്യുന്ന സ്റ്റേറ്റ് ഡാറ്റാ സെന്ററിലാണ് CCTNS പദ്ധതിയുടെ ഭാഗമായുള്ള ഡാറ്റാ ബേസ് ഉൾക്കൊള്ളുന്ന സെർവറും കമ്പ്യൂട്ടറുകളും മറ്റും ഇൻസ്റ്റാൾ ചെയ്തിരിക്കുന്നത്. ഈ ഡാറ്റാ ബേസിന്റെ പരിപാലന ചുമതല 03.01.2012-ലെ സ.ഉ.(സാധാ) നമ്പർ 10/2012/ആഭ്യന്തരം പ്രകാരം ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് ലിമിറ്റഡ് (TCS)നാണ് നൽകിയിട്ടുള്ളത്. പോലീസ് സ്റ്റേഷനുകളിൽനിന്നും കോർ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ വഴി എത്തുന്ന വിവരങ്ങൾ ഡാറ്റാബേസുകളിൽ സുരക്ഷിതമാക്കുന്നതിനായി ബന്ധപ്പെട്ട കരാറിൽ നിബന്ധനകൾ/വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) കേരളത്തിൽ രണ്ട് നെറ്റ് വർക്കുകളാണ് ഇതിനുവേണ്ടി ഉപയോഗപ്പെടുത്തിയിരിക്കുന്നത്. (i) ബി.എസ്.എൻ.എൽ.(BSNL) നെറ്റ്‌വർക്കും (ii) കേരള സ്റ്റേറ്റ് വൈഡ് ഏരിയാ (KSWAN) നെറ്റ് വർക്കും.

(സി) CCTNS പദ്ധതിക്കായി പ്രത്യേകം ഡാറ്റാ സെന്റർ നിലവിലില്ല. എന്നാൽ KSITM-ന്റെ ചുമതലയിൽ ടെക്നോപാർക്കിൽ സ്ഥിതി ചെയ്യുന്ന സ്റ്റേറ്റ്

ഡാറ്റാ സെന്ററിലാണ് CCTNS പദ്ധതിയുടെ ഭാഗമായുള്ള സെർവറും കമ്പ്യൂട്ടറുകളും മറ്റും ഇൻസ്റ്റാൾ ചെയ്തിരിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായ നെറ്റ്‌വർക്കിന്റെ ചുമതല BSNL, KSITM (KSWAN) എന്നീ സർക്കാർ നിയന്ത്രണ സ്ഥാപനങ്ങൾക്കാണ്.

ശ്രീ. എം. എ. ബേബി: സർ, ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് സിസ്റ്റംസ് എന്ന കേന്ദ്ര സഹായത്തോടുകൂടി നടപ്പാക്കപ്പെടുന്ന പദ്ധതി വളരെ തന്ത്ര പ്രാധാന്യമുള്ള ഒരു സർക്കാരിന്റെ പ്രവർത്തനമാണ്. കേന്ദ്ര രഹസ്യാന്വേഷണ ഏജൻസിയും മറ്റും കൈമാറുന്ന തന്ത്രപ്രധാനമായ രാജ്യസുരക്ഷയെ ബാധിക്കുന്ന വിവരങ്ങളും ഈ ഏജൻസി കൈകാര്യം ചെയ്യേണ്ടിവരും. അത്തരം വിവരങ്ങളെല്ലാം കൈകാര്യം ചെയ്യുന്നതിന്റെ ചുമതല കരാറുപണിയായി ടാറ്റാ കമ്പനിയെപ്പോലുള്ള ഒന്നിലധികം സ്വകാര്യകമ്പനികളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് വ്യക്തമാകുന്നത്. ഇത് ഉന്നയിക്കുന്ന വളരെ ഗൗരവമുള്ള പ്രശ്നങ്ങളുണ്ട്. അത് ഗവൺമെന്റ് പരിശോധിക്കേണ്ടതാണ്. മാത്രമല്ല ഇത് കേന്ദ്ര സഹായ പദ്ധതിയാണ്. കേന്ദ്രം ഇതിനുവേണ്ടി നൽകിയിട്ടുള്ള ഫണ്ട് ഉപയോഗിച്ചതിനെക്കുറിച്ചും ഓഡിറ്റ് ഒബ്ജക്ഷൻ വന്നിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ഞാൻ ചോദിക്കുന്നത് കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നവരെ കണ്ടെത്താൻവേണ്ടിയും കുറ്റകൃത്യങ്ങൾ

തടയുന്നതിനുവേണ്ടിയുമുള്ള മുൻകരുതലെടുക്കാൻവേണ്ടി ഡാറ്റാ ബേസ് ഉപയോഗപ്പെടുത്തേണ്ടതുണ്ട്. കുറച്ച് വിവരങ്ങൾ ശേഖരിച്ചതായി മുമ്പ് ബഹു. മന്ത്രി സഭയിൽ മറുപടി നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ഓഫീസ് തന്നെ കുറ്റവാളികളുടെ സുരക്ഷാകേന്ദ്രമായി മാറുന്നു എന്നൊരു നിരീക്ഷണം കേരള ഹൈക്കോടതി നടത്തുകയുണ്ടായി. ഈ സാഹചര്യത്തിൽ ഡാറ്റാ ബേസിന്റെ അടിസ്ഥാനത്തിൽ കുറ്റവാളികളെന്ന് കണ്ടെത്തപ്പെടുന്ന വ്യക്തികൾ മന്ത്രിമാരുടെ ഓഫീസുകളിലും തന്ത്രപ്രധാനമായ ഉത്തരവാദിത്തമുള്ള ഓഫീസുകളിലുമൊക്കെ ഇപ്പോഴും ജീവനക്കാരായി തുടരുന്നുണ്ടോ; അതിനെക്കുറിച്ചുള്ള എന്തെങ്കിലും വിവരശേഖരണം ബഹുമാനപ്പെട്ട മന്ത്രിയുടെ കൈവശമുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, രഹസ്യാന്വേഷണ ഏജൻസികൾ നൽകുന്ന വിവരങ്ങൾ CCTNS- ൽ വരില്ല. Crime and Criminal Tracking Network ആണ്. ഇത് സംസ്ഥാനത്തുള്ള ക്രൈമിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കാനുള്ളതാണ്. അതിന്റെ പ്രാഥമികമായ നടപടികളിലാണ് ഇപ്പോഴുള്ളത്. കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും ഇത് വ്യാപിപ്പിച്ചുകൊണ്ട് NIC ഡൽഹിയിൽ ഡാറ്റ സൂക്ഷിക്കുന്ന തരത്തിൽ അതിന് എല്ലാ സുരക്ഷിതത്വവും ഏർപ്പാട് ചെയ്തുകൊണ്ടാണ് ഇത് പ്രവർത്തിക്കുന്നത്. ഇപ്പോൾ സ്റ്റേറ്റ് ഡാറ്റാ സെന്റർ

ടെക്നോപാർക്കിലാണ് പ്രവർത്തിക്കുന്നത്. ഇതെല്ലാം സ്റ്റേറ്റ് ഏജൻസികളാണ് ഇപ്പോൾ നിയന്ത്രിക്കുന്നത്. ഇക്കാര്യം ഐ.റ്റി. മിഷനും NIC-യും തമ്മിൽ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. TCS മാത്രമല്ല, ആഗോള ടെണ്ടർ വിളിച്ച് നടപ്പാക്കിയ ഒരു ടെണ്ടർ നടപടിയാണിത്. മാത്രമല്ല സംസ്ഥാനത്തെ 482 പോലീസ് സ്റ്റേഷനുകളുമായി ബന്ധപ്പെടുത്താനും ഇതിന്റെ എഫ്.ഐ.ആർ-ഉം ജി.ഡി.-യും സൂക്ഷിക്കാനും വേണ്ടിയിട്ടുള്ളതാണ്. ഇത് ഒരു ഘട്ടം കഴിയുമ്പോൾ ഡി.ജി.പി.-ക്ക് അല്ലെങ്കിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥൻമാർക്ക് പൊലീസ് ഹെഡ്ക്വാർട്ടേഴ്സിലിരുന്നുകൊണ്ട് കേരളത്തിലെ 482 പോലിസ് സ്റ്റേഷനുകളിലുമുള്ള എഫ്.ഐ.ആർ-ഉം ജി.ഡി-യും പരിശോധിക്കാൻ കഴിയുന്നവിധത്തിലുള്ള സൗകര്യംകൂടി കിട്ടുകയാണ്. മാത്രമല്ല അന്യസംസ്ഥാനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ക്രിമിനൽ പശ്ചാത്തലമുള്ള ആളുകളെ എവിടെനിന്നെങ്കിലും പിടിച്ചാൽ അവരുടെ വിവരങ്ങൾ കൈമാറാനുള്ള വലിയ സംവിധാനവും ഇതിലുണ്ട്. നമ്മുടെ രാജ്യത്ത് 26.11.2008-ൽ ഉണ്ടായ തീവ്രവാദി ആക്രമത്തെത്തുടർന്ന് ശ്രീ. ചിദംബരം ആഭ്യന്തരവകുപ്പമന്ത്രിയായിരുന്ന കാലത്ത് അദ്ദേഹമാണ് ഈ പദ്ധതി ആരംഭിക്കാൻ തയ്യാറായത്. 2000 കോടിരൂപയാണ് കേന്ദ്രം ഇതിനുവേണ്ടി നൽകുന്നത്. കേന്ദ്രം കേരളത്തിനുവേണ്ടി 60 കോടി രൂപയോളം അനുവദിച്ചിട്ടുണ്ട്.

42 കോടി രൂപയാണ് നമുക്ക് ലഭിച്ചിട്ടുള്ളത്. ഇത് ക്രിമിനൽ ട്രാക്കിംഗിലും ക്രിമിനൽ നടപടികളിലും പൂർണ്ണമായ ട്രാൻസ്പരൻസി ഉറപ്പുവരുത്താനുള്ള നല്ലൊരു സിസ്റ്റമാണ്. കേരളമാണ് അതിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനം. കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും ഈ നെറ്റ്‌വർക്ക് പൂർണ്ണമാക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്.

ശ്രീ. എം. എ. ബേബി: സർ, ബഹുമാനപ്പെട്ട സ്പീക്കർ മുൻകയ്യെടുത്ത് ഇന്നലെ ഒരു മാജിക് ഷോ മെമ്പർമാർക്കുവേണ്ടി ഇവിടെ നടത്തുകയുണ്ടായി. കുറ്റകൃത്യങ്ങളിലും ചില മാജിക്കുകൾ നടക്കാറുണ്ട്. ഉദാഹരണത്തിന് വളരെ കോളിളക്കം സൃഷ്ടിച്ച ഒരു കേസിൽ സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള ഒരു ജയിലിൽവച്ച് കേസിലെ പ്രതി തനിക്ക് നൽകാനുള്ള സത്യവാങ്മൂലം എഴുതി നൽകി. ജയിൽ അധികൃതൽ അത് എത്ര പേജുള്ളതാണെന്ന് കണ്ടു. ഇന്നലെ മാജിക് ഷോ നടത്തിയപ്പോൾ മജീഷ്യൻ 'ദി ഹിന്ദു' പേപ്പർ കീറി ഉണ്ടാക്കിയെടുത്തതിനുശേഷം അത് ഒന്നിച്ചുകാണിച്ചതുപോലെ ജയിലധികൃതരുടെ മുന്നിൽവച്ച് നൽകിയ സത്യവാങ്മൂലത്തിൽ ഉണ്ടായിരുന്നതായി പറയപ്പെടുന്ന പേജുകളുടെ എണ്ണം കോടതിയിൽ ഹാജരാക്കിയപ്പോൾ അഞ്ചിലൊന്നായി ചുരുങ്ങി. തെളിവുകൾ

നശിപ്പിക്കുക എന്നത് ഒരു കുറ്റകൃത്യമാണ്. ഇത്തരം തെളിവ് നശിപ്പിക്കുന്ന കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള വിവരങ്ങളും അതിൽ പങ്കാളികളാകുന്ന സർക്കാർ ഉദ്യോഗസ്ഥന്മാരെക്കുറിച്ചുള്ള വിവരങ്ങളും ഈ ഡാറ്റാ ബേസിന്റെ ഭാഗമായി ഗവൺമെന്റ് ശേഖരിക്കുന്നുണ്ടോ; തെളിവ് നശിപ്പിക്കുന്ന ഉദ്യോഗസ്ഥന്മാരെയും അവർക്ക് സംരക്ഷണം നൽകുന്നവരും മറ്റേതെങ്കിലും ഉന്നത സ്ഥാനത്തിരിക്കുന്നവരുമുണ്ടെങ്കിൽ അവർക്കും എതിരായി കർശനമായ സമീപനം സ്വീകരിച്ചുകൊണ്ട് കുറ്റകൃത്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് കുറച്ചുകൊണ്ടുവരുന്ന ഒരു സമീപനം ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി സ്വീകരിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, പോലീസ് സ്റ്റേഷനുകളിൽ വരുന്നത് suo-moto കേസുകളല്ല. രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളുടെ എഫ്.ഐ.ആർ., ജി.ഡി. തുടങ്ങിയവ ഒരു സിസ്റ്റത്തിലേയ്ക്ക് കൊണ്ടുവരിക എന്നുള്ളതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ 482 പോലീസ് സ്റ്റേഷനുകളിലും ഉണ്ടാകുന്ന ക്രൈം കേസുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ സ്റ്റോർ ചെയ്യാനുള്ള ഒരു അവസരമാണ് ഇതിലൂടെ നടപ്പാക്കാനുദ്ദേശിക്കുന്നത്. ഏതെങ്കിലുമൊരു സ്ഥലത്തുവച്ച് ഒരു കുറ്റവാളിയെ പിടിച്ചുകഴിഞ്ഞാൽ അയാളുടെ പേരിലുള്ള കേസുകൾ എന്തൊക്കെയാണെന്ന് നെറ്റ്‌വർക്കിലൂടെ നമുക്ക് അറിയാൻ സാധിക്കും. അത്

ഇന്ത്യയിലൊട്ടാകെ വ്യാപിക്കുമ്പോൾ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലേയും പോലീസ് സംവിധാനങ്ങൾക്ക് ഇതിന്റെ ഇൻഫർമേഷൻ ഉണ്ടാകും. ശ്രീ. എം. എ. ബേബി രാഷ്ട്രീയ ലക്ഷ്യം വച്ചുകൊണ്ടാണ് ചോദിച്ചത്. അതിന് ഞാൻ മറുപടി പറയുന്നില്ല. അദ്ദേഹം കുറച്ചുകൂടി ഗൗരവമുള്ള ചോദ്യം ചോദിക്കുമെന്നാണ് ഞാൻ കരുതിയത്. ഏതായാലും ഇതുപോലുണ്ടാകുന്ന കേസുകളും പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസുകളാണെങ്കിൽ സ്വാഭാവികമായും അത് CCTNS-ൽത്തന്നെ വരുന്നതാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ CCTNS പദ്ധതിയുടെ ഭാഗമായുള്ള ഡാറ്റാ സെന്ററുകൾ സ്റ്റേറ്റ് ഡാറ്റാ സെന്ററിന്റെ ഭാഗമായിട്ടാണ് സ്ഥാപിച്ചിട്ടുള്ളതെന്നാണ്. എങ്കിൽ പരിപാലനത്തിന് എന്തിനാണ് ടാറ്റാ കൺസൾട്ടൻസി സർവ്വീസസ്? ശരിയായ രീതിയിലാണോ കാര്യങ്ങൾ ചെയ്യുന്നതെന്ന് പരിശോധിക്കാൻവേണ്ടി പഴയ ആതർ ആന്റേഴ്സൺ കമ്പനിയുടെ തുടർച്ചയായുള്ള ആക്സ്ചെഞ്ചർ സർവ്വീസിനെ വച്ചിരിക്കുന്നു. ഇത് ഗൗരവമായ സെക്യൂരിറ്റി പ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്. എന്തെല്ലാം വ്യവസ്ഥകളാണ് സെക്യൂരിറ്റി ഉറപ്പുവരുത്തുന്നതിനുവേണ്ടി ചെയ്തിട്ടുള്ളത്; ആരെങ്കിലും ഈ ഡാറ്റാ ബേസിലേക്ക് അക്സെസ് ചെയ്താൽ അത് ഇൻഡിപെന്റന്റായി അറിയുന്നതിനുള്ള എന്തെങ്കിലും

സംവിധാനമുണ്ടോ; സെർട്ട് പോലുള്ള ഏതെങ്കിലും ഏജൻസിയെക്കൊണ്ട് സെക്യൂരിറ്റി ഓഡിറ്റ് നടത്തിയിട്ടുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങനെ ആർക്കും ഇതിലേയ്ക്ക് കേറി അന്വേഷിക്കാൻ കഴിയുന്ന കാര്യമല്ല. കേന്ദ്ര ഗവൺമെന്റ് എംപാനൽ ചെയ്തിട്ടുള്ള ഏജൻസിയാണ് TCS. ഗ്ലോബൽ ടെണ്ടറിലൂടെയാണ് എടുത്തിട്ടുള്ളത്. ഇതിൽ പറയുന്നത്, " Kerala has been competed through competitive bidding and M/s. TATA consultancy Service Limited has emerged, the best bidder in technical and commercial evaluation criteria. Hence the State Police Chief has requested sanction to award the work. അവരുടെ competency പരിശോധിച്ചതിനുശേഷം ഗ്ലോബൽ ടെണ്ടറിലൂടെയാണ് TCS-ന് 2012-ൽ നൽകിയിട്ടുള്ളത്. ഇത് ആർക്കും അക്സസബിൾ അല്ലായെന്നതാണ് ഇതിന്റെ പ്രത്യേകത. ഞാനൊരു പെറ്റീഷൻ കൊടുത്താൽ കുറേക്കാലം കഴിഞ്ഞ് എന്റെ FIR-ലേയ്ക്ക് എനിക്ക് മാത്രം അക്സസ് ചെയ്യാൻ കഴിയത്തക്ക നിലയിലാണ് ഇത് ചെയ്തിട്ടുള്ളത്. പോലീസ് സ്റ്റേഷനിൽ മാത്രമാണ് ഇപ്പോൾ അക്സസുള്ളത്. മറ്റ് പ്രൈവറ്റ് വ്യക്തികൾക്ക് ഇപ്പോൾ അക്സസുള്ളത് ഇപ്പോഴില്ല. അതുകൊണ്ട് ഇത് പോലീസ് സ്റ്റേഷനിൽ സൂക്ഷിക്കുവാനും ഉന്നത പോലീസ് ഉദ്യോഗസ്ഥർക്ക് മാത്രം

അക്സസുള്ള ഒരു സംവിധാനത്തിലേയ്ക്ക് മാത്രമാണ് ഇപ്പോൾ CCTNS പ്രവർത്തിക്കുന്നത്. അതുകൊണ്ട് സെക്യൂറിറ്റി പ്രോബ്ലം ഇതിനകത്തില്ല. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ 'അശോക' എന്ന പുതിയ ഒരു പദ്ധതികൂടി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. തീവ്രവാദ പ്രവർത്തനങ്ങൾ, മറ്റ് രാജ്യവിരുദ്ധ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ മനസ്സിലാക്കാൻ രാജ്യത്തൊട്ടാകെ നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ് 'അശോക' എന്ന് പറയുന്നത്. അത് പ്രൈമറി സ്റ്റേജിലാണ്. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ കീഴിൽ ആരംഭിച്ചുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. ഇത് സെക്യൂരിറ്റി ഇഷ്യൂവുമായി ബന്ധപ്പെട്ട കാര്യങ്ങളല്ല CCTNS-ൽ വരുന്നത്. Crime and Crime Records and antecedents of the criminals ഇതാണ് പ്രധാനമായും വരുന്നത്, and also the GD as well as the FIR. ഇത് കംപ്ലയിന്റ് കൊടുക്കുന്ന ആളിനും പോലീസ് ഉദ്യോഗസ്ഥൻമാർക്കും മാത്രം അക്സസുള്ള നിലയിലാണ് ഇതിപ്പോൾ സംവിധാനം ചെയ്തുവരുന്നത്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, കുറ്റാന്വേഷണവും അതുപോലെ കുറ്റവാളികളെ കണ്ടെത്തലുമൊക്കെ കുറേക്കൂടി സുഗമമാക്കുന്നതിനുവേണ്ടിയാണ് കോടികൾ ചെലവഴിച്ച് പുതിയ സാങ്കേതികവിദ്യയൊക്കെ കൊണ്ടുവരുന്നത്. പക്ഷേ ഈ

സാങ്കേതികവിദ്യ ശിരയായ നിലയിൽ പ്രയോജനപ്പെടുത്തി വളരെ പ്രാകൃതമായിട്ടുള്ള കുറ്റാന്വേഷണ രീതികളെ മറികടക്കാൻ നമ്മുടെ പോലീസ് സേന പ്രാപ്തമാണോ എന്നുള്ള ഒരു പ്രശ്നം നമ്മുടെ മുമ്പാകെയുണ്ട്. എനിക്കൊരനുഭവമുണ്ടായി, ഞാൻ മാത്രമല്ല മറ്റൊരു എം.എൽ.എ. കൂടി ഉണ്ടായിരുന്നു. ഗവൺമെന്റ് തന്നിട്ടുള്ള ഐ-പാഡ് ഞങ്ങളുടെ കൈയ്യിലുണ്ടായിരുന്നു. ഉയർന്ന പദവിയിലിരിക്കുന്ന ആളെ ഞാൻ പറയുന്നില്ല. സ്വകാര്യമായിട്ട് വേണമെങ്കിൽ അങ്ങയോട് പറയാം. ആരേയും ഉയർത്തിക്കാണിക്കേണ്ട കാര്യമില്ല. ഇതാണ് ഈ ഫേസ്ബുക്ക് എന്ന് പറയുന്നത്, എന്ന് ചോദിച്ച ഒരനുഭവം. ഇത് തമാശയല്ല, യഥാർത്ഥത്തിൽ നടന്ന സംഭവമാണ്. ഈ സാങ്കേതിക വിദ്യ കൈകാര്യം ചെയ്യാൻ നിയോഗിക്കപ്പെടുന്ന ആളുകൾക്ക് പലപ്പോഴും അത് ശരിയായ രീതിയിൽ ഉപയോഗിക്കുവാൻ ആകുന്നില്ല. ഉദാഹരണത്തിന്, നമ്മൾ ഇവിടെ സോളാർ ഇഷ്യൂവുമായി ബന്ധപ്പെട്ട് CCTV ദൃശ്യങ്ങൾ റിട്രൈവ് ചെയ്യുന്ന പ്രശ്നം വന്നപ്പോൾ നമ്മുടെ ഗവൺമെന്റ് അല്ലെങ്കിൽ ഗവൺമെന്റിന് പോലീസിന്റെ ഉപദേശം അനുസരിച്ച് അഡ്വൈസ് ചോദിച്ചത് മാനേജ്മെന്റ് വിദഗ്ദ്ധന്മാരോടാണ്. ആ ദൃശ്യങ്ങൾ റിട്രൈവ് ചെയ്യാൻ പറ്റുമോ എന്നുള്ളത് സൈബർ ഫോറൻസിക്കിൽ വൈദഗ്ദ്ധ്യമുള്ള ആൾക്കാരോടാണ് അത് ചോദിക്കേണ്ടിയിരുന്നത്. അങ്ങനെയൊരു അഡ്വൈസ് ചോദിക്കാതെ

കമ്പ്യൂട്ടറിനെക്കുറിച്ചൊക്കെ ടി. വി. ചാനലിൽ ചർച്ച ചെയ്യുന്ന ഇത്തരത്തിലുള്ള മാനേജ്മെന്റ് എക്സ്പേർട്സിനോട് ചോദിക്കുന്ന നിലയിലേയ്ക്ക്..... എന്നാൽ ടെക്നോളജിയെ ശരിയായ നിലയിൽ തിരിച്ചറിയാനും വിനിയോഗിക്കാനും പ്രയോഗിക്കാനും കഴിയുന്നില്ലായെന്ന പ്രശ്നമാണ്. ഇത് പല ഡിപ്പാർട്ടുമെന്റുകളും അഭിമുഖീകരിക്കുന്നു, പോലീസ് സേനയും അഭിമുഖീകരിക്കുന്നു. ഇത് പരിഹരിക്കാൻ അതായത് നമ്മുടെ ടെക്നോളജി ഉപയോഗിക്കാൻ പോലീസ് സേനയെ ആകെതന്നെ എക്യുപ് ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതികൾ ഗവൺമെന്റിനുണ്ടോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, 2007-ൽ CIPA (Common Integrated Police Application) എന്നൊരു പദ്ധതി ഉണ്ടായിരുന്നു. അതുകഴിഞ്ഞാണ് CCTNS കേന്ദ്ര സഹായത്തോടുകൂടി നിലവിൽ വന്നത്. ഇത് രണ്ടും കേന്ദ്ര സഹായത്തോടുകൂടി നടപ്പാക്കിയ പദ്ധതികളാണ്. കേരളത്തിലെ 482 പോലീസ് സ്റ്റേഷനുകളിൽ 368 പോലീസ് സ്റ്റേഷനുകളിലും CCTNS-ൽ നിലവിൽ വന്നിരിക്കുകയാണ്. 15 പോലീസ് ഡിസ്ട്രിക്റ്റിൽ ഇപ്പോൾ നിലിവിൽ വന്നിട്ടുണ്ട്. ശ്രീ. എ. പ്രദീപ്കുമാർ പറഞ്ഞത് ശരിയാണ്. എല്ലാ പോലീസുകാർക്കും ഇതേ സംബന്ധിച്ചുള്ള സാങ്കേതിക വിദ്യാഭ്യാസം നൽകേണ്ടതിന്റെ ആവശ്യകതയുണ്ട്. അത് ചെയ്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ തന്നെ പോലീസ് സ്റ്റേഷനിൽ

മിക്കവാറും കമ്പ്യൂട്ടറൈസ് ചെയ്തുകൊണ്ടാണ് FIR ഇടാറുള്ളത്. അതനുസരിച്ചുള്ള പരിശീലനം പോലീസുകാർക്ക് നൽകിക്കൊണ്ടിരിക്കുകയാണ്. ഫേസ് ബൈ ഫേസ് മാനറിൽ അത് പൂർണ്ണമായും പൂർത്തിയാക്കും. എല്ലാവർക്കും കമ്പ്യൂട്ടർ നോളഡ്ജ് പൂർണ്ണമായും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. ജെയിംസ് മാത്യു: സർ, ഇവിടെ എല്ലാ അംഗങ്ങളും പ്രകടിപ്പിച്ച ആശങ്കയിൽ തീർത്തും അടിസ്ഥാനമില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി അവകാശപ്പെടുന്നത്. അമേരിക്കയുടെ ഫോഴ്സിന്റെ വിവരങ്ങൾ പോലും ശേഖരിച്ചുവച്ച് വിക്കിലീക്സ് വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നത് നമ്മൾ കാണുകയാണ്. അതുകൊണ്ട് ആ ആശങ്കയൊന്നുമല്ല അങ്ങയോട് പങ്കുവയ്ക്കുന്നത്. നമ്മുടെ പോലീസ് സേനയ്ക്ക് ഈ ഡാറ്റാ ബെയ്സും സെർവ്വറും നെറ്റ്‌വർക്ക് സിസ്റ്റവുമെല്ലാം മോണിറ്റർ ചെയ്യാൻ കോമ്പിറ്റൻസിയുള്ള ഏത് തസ്തികയാണ് പോലീസ് ഡിപ്പാർട്ടുമെന്റിലുള്ളത്. ആ തസ്തികയിൽ നിയോഗിക്കപ്പെടുന്ന ആളുകളുടെ ബേസിക് ക്വാളിഫിക്കേഷനെ സംബന്ധിച്ച് അങ്ങേയ്ക്ക് പറയാമോ? അത്തരത്തിലുള്ള എത്ര ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിലാണ് ടാറ്റാ കൺസൾട്ടൻസിയാകട്ടെ മറ്റേതെങ്കിലും ഏജൻസിയാകട്ടെ അവർ maintain ചെയ്യുന്ന സെർവ്വറും ഡാറ്റാ ബേസും അത് സൂക്ഷിക്കാനുള്ള സംവിധാനവും ഏത് തരത്തിലാണ് നമ്മുടെ

ഡിപ്പാർട്ടുമെന്റുമായി ലിങ്ക് ചെയ്തിരിക്കുന്നത്; അതിന് കോമ്പിറ്റൻസിയുള്ള ഉദ്യോഗസ്ഥന്മാരുണ്ടോ; അത്തരം പോസ്റ്റുണ്ടോ; ആ പോസ്റ്റ് ക്രിയേറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അവരുടെ ബേസിക് ക്വാളിഫിക്കേഷൻ എന്താണ്; അക്കാര്യം വ്യക്തമാക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. ജെയിംസ് മാത്യൂ ചോദിച്ചത് ഒരു പ്രധാനപ്പെട്ട ചോദ്യമാണ്. സ്റ്റേറ്റ് ഡേറ്റാ സെന്റർ ഇപ്പോൾ ടെക്നോപാർക്കിലുണ്ട്. അതിന്റെ ബാക്ക് അപ് നമ്മൾ എടുക്കുന്നുണ്ട്. സി.സി.റ്റി.എൻ.എസിന്റെ ഭാഗമായി എൻ.ഐ.സി.-ഡൽഹിയിൽ ഡാറ്റ സൂക്ഷിക്കുന്ന സംവിധാനം ഉടൻ നിലവിൽ വരാൻ പോകുകയാണ്. ഐ.റ്റി മിഷനും എൻ.ഐ.സി.യുമായി ഡിസ്കഷൻ നടത്തിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല, ഇത് ഇംപ്ലിമെന്റ് ചെയ്തു വരുമ്പോൾ അല്പം സമയമെടുക്കും. പക്ഷേ കേരളമാണ് ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളിലും മുമ്പിൽ നിൽക്കുന്നത്. കേന്ദ്ര ഗവൺമെന്റ് സബ് കമ്മിറ്റി രൂപീകരിച്ചപ്പോൾ കേരളത്തെക്കൂടി അതിൽ ഉൾപ്പെടുത്തുകയുണ്ടായി. അങ്ങ് ചോദിച്ച ചോദ്യം, എത്ര ഉദ്യോഗസ്ഥർ ഇതിൽ സാങ്കേതിക വൈദഗ്ദ്ധ്യം ഉള്ളവരെന്നാണ്? പോലീസ് സേനയിൽ എഞ്ചിനീയറിംഗ് ബിരുദമുള്ള, ഞാൻ പേരു പറയുന്നത് ശരിയല്ലാത്തതുകൊണ്ട് പറയുന്നില്ല, അത്തരം ഉദ്യോഗസ്ഥന്മാരെ സെലക്ട് ചെയ്ത്

അവരുടെ നേതൃത്വത്തിലാണ് ഈ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. വളരെ പെട്ടെന്നു തന്നെ നാഷണൽ ഡേറ്റാ ബേസ് നിലവിൽ വരാൻ പോവുകയാണ്. All servers maintained by the private players. അതിലൊന്നും അപകടമൊന്നുമില്ല. ഇത് ഹാക്കിംഗ് പറ്റില്ല. വെർച്വൽ പ്രൈവറ്റ് നെറ്റ്‌വർക്കിലൂടെ മാത്രമേ എന്റർ ചെയ്യാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഇത് ഇപ്പോൾ പോലീസ് സ്റ്റേഷനിൽ മാത്രമാണ് നിലവിലുള്ളത്. അതുകൊണ്ട് ഇപ്പോൾ പൂർണ്ണമായും സെക്യൂർ ആണ്. അല്ലാതെയുള്ള ആശങ്കകൾ അസ്ഥാനത്താണ്. അതിനുള്ള നടപടികൾ നമ്മൾ സ്വീകരിക്കുന്നുണ്ട്.

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>: സർ, കുറ്റകൃത്യങ്ങളെയും കുറ്റവാളികളെയും കുറിച്ചുള്ള അന്വേഷണം കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതോടൊപ്പം തന്നെ യഥാർത്ഥ കുറ്റവാളികൾ പലപ്പോഴും ഇതല്ലാതെതന്നെ രക്ഷപ്പെടുകയാണ്. പല കേസുകളിലും യഥാർത്ഥ പ്രതികളെ മാറ്റി ഡമ്മി പ്രതികളെ ഹാജരാക്കുകയാണ്. അത് രാഷ്ട്രീയമായ ഇടപെടലും സമ്മർദ്ദം കൊണ്ടുമാണ് ഇത്തരത്തിൽ ഡമ്മി പ്രതികൾ വരുന്നത്. ഇത് കേസുകളെ കോടതിയിൽ ദുർബലമാക്കും. ഇത്തരത്തിൽ കേസുകൾ ദുർബ്ബലമാകുന്നതുകൊണ്ട് വീണ്ടും വീണ്ടും യഥാർത്ഥ കുറ്റവാളികൾ അവിടെ തുടരുകയാണ്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇത്തരത്തിൽ ഡമ്മി പ്രതികളെ ഹാജരാക്കുന്നതുമൂലം യഥാർത്ഥ കുറ്റവാളികൾ രക്ഷപ്പെടുന്നതും കേസുകൾ ദുർബ്ബലമാകുന്നതും പരിഹരിക്കാൻവേണ്ടി എന്താണ് മാർഗ്ഗം എന്നുള്ളത് ആഭ്യന്തരവകുപ്പ് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, യഥാർത്ഥ കുറ്റവാളികളെത്തന്നെ നിയമത്തിന്റെ മുമ്പിൽകൊണ്ടുവരാനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഏതെങ്കിലും പ്രത്യേകം കേസുകളിലാണെങ്കിൽ അതിന് പ്രത്യേകമായി ഉത്തരം പറയാം. പക്ഷേ പൊതുവേ പോലീസ് സ്വീകരിക്കുന്ന സമീപനം കുറ്റവാളികളെ സംബന്ധിച്ച വിവരങ്ങൾ കൂടി gather ചെയ്തുകൊണ്ടാണ് നടപടികൾ സ്വീകരിക്കാറുള്ളത്.

ശ്രീ. എ.കെ. ബാലൻ: സർ, പോലീസ് സേനയുടെ വിശ്വാസ്യത നഷ്ടപ്പെടുന്നൊരു സാഹചര്യത്തിലാണ് ഈ ചോദ്യം ഇവിടെ വരുന്നത്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി 23.06.2014-ന നൽകിയ മറുപടിയിൽ 1056 പോലീസ് ഉദ്യോഗസ്ഥരെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നാണ് പറഞ്ഞത്. ഡി.ഐ.ജി-1, എസ്.പി.-3, ഡി.വൈ.എസ്.പി.-7, സി.ഐ.-9, എസ്.ഐ.-135, എ.എസ്.ഐ-269, ഹെഡ് കോൺസ്റ്റബിൾ-118, പോലീസ് കോൺസ്റ്റബിൾ-513, WPC-11 ആകെ 1056. നമ്മുടെ പോലീസ് സേന

ഈ രൂപത്തിൽ ക്രിമിനൽവൽക്കരിച്ച ഒരു കാലഘട്ടമുണ്ടോയെന്നുള്ളത് സംശയമാണ്. ക്രിമിനൽവൽക്കരണം പോലീസിൽ നടക്കുകയാണ്. അവരെ ഉപയോഗപ്പെടുത്തിക്കൊണ്ട് കുറ്റാന്വേഷണം നടത്തുക. എങ്ങനെയാണ് കേരളത്തിലെ പോലീസ് സേനയെ കാര്യക്ഷമമാക്കി മുന്നോട്ടു കൊണ്ടുപോകാൻ പറ്റുക; വലിയ ആശങ്കയാണ് ജനങ്ങളിലുണ്ടാകുന്നത്. ഈ കുറ്റകൃത്യങ്ങൾ ചെയ്യുന്ന ആൾക്കാരെ സംബന്ധിച്ചിടത്തോളം, എന്തെങ്കിലും പരിശോധന നടത്തുന്നതിനും ഈ കുറ്റകൃത്യം മേലിൽ ആവർത്തിക്കാതിരിക്കുന്നതിനുള്ള എന്തെങ്കിലും നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടോ; അതിനുള്ള എന്തെങ്കിലും സംവിധാനമുണ്ടോ; ഇതിങ്ങനെ പെരുകിക്കൊണ്ടിരിക്കുയാണല്ലോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കേരള പോലീസ് ക്രിമിനൽവൽക്കരിക്കപ്പെട്ടുവെന്ന അഭിപ്രായത്തോട് എനിക്കു യോജിപ്പില്ല. സമൂഹത്തിൽ ക്രിമിനലുകൾ ഉള്ളതുപോലെ പോലീസിനകത്തും ചില പ്രവർത്തനങ്ങൾ കണ്ടപ്പോൾ ശക്തമായ നടപടി ഗവൺമെന്റ് എടുത്തിട്ടുണ്ട്. ആരെയും സംരക്ഷിക്കാൻ ശ്രമിച്ചിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എ. കെ. ബാലൻ പറഞ്ഞത് നൂറുശതമാനം ശരിയാണ്. ഇതിൽ ബ്ലാക്ക് ഷിപ്പ്സ് ആരാണെന്ന് കണ്ടെത്തി അവരുടെ പേരിൽ നടപടിയെടുക്കുന്നത് സേനയുടെ

ആത്മധൈര്യത്തെ വർദ്ധിപ്പിക്കാനും സേനയുടെ ശുദ്ധീകരണത്തിനും വഴിതെളിക്കുന്ന ഒന്നാണ്. അവരുടെ പേരിൽ നടപടിയെടുത്താൽ നാളെ ഇത്തരം നടപടികളിലേക്ക് ആളുകൾ പോകാതിരിക്കാനുള്ള ഡിറ്ററന്റാണത്. ശക്തമായ നടപടി ഉണ്ടാകുമെന്ന് കണ്ടുകൊണ്ടാണ് അൻപതിനായിരത്തിലധികം വരുന്ന പോലീസ് സേനയിൽ കാര്യക്ഷമതയും അച്ചടക്കവും പരിപാലിക്കാൻ നമുക്ക് സാധിക്കുന്നത്. അതുകൊണ്ട് ഇത്തരം നടപടികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ നടപടിയുണ്ടാകും. പോലീസിനകത്തെ എത്ര ഉന്നതരാണെങ്കിലും കുറ്റകൃത്യങ്ങൾ ചെയ്താൽ അവരെ സ്പെയർ ചെയ്യില്ലെന്നുള്ളതിന്റെ കണക്കാണിവിടെ അദ്ദേഹം ഇവിടെ സൂചിപ്പിച്ചത്. അതുകൊണ്ട് ഇത്തരം ക്രിമിനൽ നടപടികളുമായി ബന്ധപ്പെടുന്നയാളുകൾക്ക് സേനയിൽ ശക്തമായ നടപടികൾ ഉണ്ടാകുമെന്നുകൂടി ഉറപ്പിച്ചു പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, കുറ്റകൃത്യങ്ങൾ തെളിയിക്കാൻ വിവര സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ഈ ചോദ്യം കേരളത്തിലെ യുവസമൂഹം വളരെ പ്രാധാന്യത്തോടുകൂടിയാണ് നോക്കി കാണുന്നത്. അതിനെ രാഷ്ട്രീയവൽക്കരിക്കുന്നത് ഒട്ടും ശരിയല്ല. എന്നുമാത്രമല്ല ഇന്ന് ലോകത്ത് ടെക്നോളജി വളരേയേറെ വളർന്നിട്ടുമുണ്ട്. കാട്ടിൽ സഞ്ചരിക്കുന്ന ആനയുടെ

സഞ്ചാരപഥം മൈക്രോചിപ്പ് വഴി നിയന്ത്രിക്കാൻ നമുക്ക് സാധിക്കുന്നുണ്ട്. ഇൻഫെർമേഷൻ ടെക്നോളജി ഉപയോഗിച്ചുകൊണ്ട് കൊടുംക്രിമിനലുകളും, ഭീകരൻമാരും, തന്റെ രാഷ്ട്രത്തിൽ എവിടെയൊക്കെയാണ് അവരുടെ സഞ്ചാരപഥമെന്ന് തെളിയിക്കാൻ കഴിയുന്ന ചിപ്പുകൾ വരെ വികസിപ്പിച്ചെടുത്ത ഒരു കാലഘട്ടമാണിത്. അത്തരത്തിലുള്ള ഒരു സാങ്കേതിക വളർച്ചയിലേയ്ക്ക് കേരളാ പോലീസിനെ എത്തിക്കുന്നതിന് അങ്ങ് നടപടി എടുക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, തീർച്ചയായും. സി.സി.ടി.എൻ.എസ് എന്ന പദ്ധതി തന്നെ ഇതിന്റെ ഭാഗമായിട്ടുള്ളതാണ്. കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരിക, പോലീസിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ ട്രാൻസ്പാരൻസി ഉറപ്പുവരുത്തുക എന്നതാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. കുറ്റവാളികളെ സംബന്ധിക്കുന്ന യാഥാർത്ഥ വിവരങ്ങൾ ഓൺലൈനിലൂടെ വളരെപെട്ടെന്ന് ലഭ്യമാക്കാൻ ഒരു സിസ്റ്റം ഇപ്പോൾ ഡെവലപ്പ് ചെയ്യുകയാണ്. അതിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെക്കാൾ മുൻപന്തിയിലാണ് കേരളം. സെപ്റ്റംബർ-ഒക്ടോബർ കഴിയുമ്പോൾ ഡി.ജി.പി.-യ്ക്ക് പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ ഇരുന്നുകൊണ്ട് കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളുടെയും ജി.ഡി. യും എഫ്.ഐ.ആർ- ഉം പരിശോധിക്കാൻ കഴിയത്തക്ക നിലയിലേക്ക് വരികയാണ്. അങ്ങനെയാണ്

ഇപ്പോൾ ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്.

<u>ശ്രീമതി പി. അയിഷാ പോറ്റി:</u> സർ, കേരളത്തിൽ കുറ്റകൃത്യങ്ങളുടെ നിരക്ക് ദേശീയ ശരാശരിയെക്കാൾ ഇരട്ടിയിലധികമാണെന്ന് മറ്റൊരു ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി തന്നിട്ടുണ്ട്. ദേശീയ ശരാശരി 212.4 ആണെങ്കിൽ കേരളത്തിൽ 502.2 ആണ്. അതിന് ചില വിശദീകരണവും നൽകിയിട്ടുണ്ട്. ഇത് നമുക്ക് അംഗീകരിക്കാൻ സാധിക്കില്ല. കാരണം കേരളത്തിൽ വലിയ സാക്ഷരതയുള്ളപ്പോഴും വർദ്ധിച്ചുവരുന്ന ക്രിമിനൽവൽക്കരണം, ഗാർഹിക പീഢനം തുടങ്ങിയ എല്ലാത്തരത്തിലുമുള്ള കുറ്റകൃത്യങ്ങളും വൻതോതിൽ വർദ്ധിച്ചുവരുന്നുണ്ട്. പക്ഷേ അതിന്റെ ഒരു ശതമാനം പോലും പോലീസ് സ്റ്റേഷനിൽ റിപ്പോർട്ടുചെയ്തു വരുന്നില്ലായെന്നതും ഒരു യാഥാർത്ഥമാണ്. നേരത്തെ ഒരു ചോദ്യം ചോദിച്ചിരുന്നു. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ട് കുറ്റംചെയ്യുവരെല്ലാം മുന്നോട്ട് പോകുമ്പോൾ, അനുഭവം വന്നുകഴിയുമ്പോഴാണ് നമ്മൾ ഓരോന്നും ചെയ്യാൻ പോകുന്നത്. സെപ്റ്റംബറോടുകൂടിയാണ് പുതിയ സാങ്കേതിക വിദ്യ കൊണ്ടുവരുന്നതെന്ന് പറഞ്ഞു. ചെയ്യാൻ പറ്റുന്നതൊക്കെ മുൻകൂട്ടി കണ്ടുകൊണ്ട് ഏറ്റവും തിളക്കമാർന്ന തരത്തിൽ ആധുനിക സാങ്കേതിക വിദ്യയിൽ ഫലപ്രദമായി ഇടപെടണം. പോലീസിന്റെ ശക്തമായ, നിഷ്പക്ഷമായ ഇടപെടൽ ഉറപ്പാക്കാൻ

അങ്ങ് എന്ത് നടപടി സ്വീകരിക്കും?

ശ്രീ. രമേശ് ചെന്നിത്തല: സർ, അടുത്ത ചോദ്യത്തിൽ പറഞ്ഞകാര്യമാണ് ഇവിടെ ചോദിച്ചത്. ദേശീയ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് 2013-ൽ രജിസ്റ്റർ ചെയ്ത കേസുകളുടെ നിരക്ക് ദേശീയതലത്തിൽ 212.4 ആണ്. എന്നാൽ കേരളത്തിൽ 512.2 ആണ്. അതിനുകാരണം, ഇവിടെ ഫ്രീ രജിസ്ട്രേഷൻ ആണ്. Accessibility to the police station is very easy here. മാത്രമല്ല മറ്റുസംസ്ഥാനങ്ങളെ അപേക്ഷിച്ചുനോക്കുമ്പോൾ സ്റ്റേഷനുകളുടെ പരിധി ഇവിടെ വളരെ കുറവാണ്. തൊട്ടടുത്തുതന്നെ പോലീസ് സ്റ്റേഷനുകൾ ഉണ്ടാകുന്നു. കേരളത്തിലെ ജനങ്ങൾ എന്ത് സംഭവമുണ്ടായാലും വളരെ പെട്ടെന്ന് പോലീസ് സ്റ്റേഷനിൽ പോയി കേസുകൾ രജിസ്റ്റർ ചെയ്യാറുണ്ട്. മാത്രവുമല്ല മോട്ടോർ വാഹന അപകട കേസുകൾ മറ്റുസംസ്ഥാനങ്ങളിൽ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യാറില്ല. ഇവിടെ അത് രജിസ്റ്റർ ചെയ്യുന്നു. നമ്മൾ സാക്ഷരതയിൽ മുന്നിൽ നിൽക്കുന്നതുകൊണ്ടും ബഹുഭൂരിപക്ഷം കേസുകളും പോലീസ് സ്വമേധയ എടുക്കുന്നതുമാണ്. ഇതുകൊണ്ടാണ് ക്രൈം റേറ്റ് കൂടുന്നത്. അത് നമ്മുടെ സംസ്ഥാനത്തിന്റെ സാക്ഷരതയിൽ വന്നിരിക്കുന്ന, ജനങ്ങളിൽ ഉണ്ടാകുന്ന അവബോധത്തിന്റെയും പ്രകടമായ ദൃഷ്ടാന്തമാണ്. അതുകൊണ്ട് കേരളത്തിൽ

കുറ്റകൃത്യങ്ങൾ കൂടുന്നുവെന്നല്ല അർത്ഥം. People are very much aware of this. So they are going to the police station and registering cases. അത് നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകതയെ ചൂണ്ടിക്കാണിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ കുറ്റകൃത്യങ്ങൾ പരമാവധി കുറയ്ക്കാനുള്ള നടപടികൾ പോലീസ് സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. പി.സി. ജോർജ്: സർ, എങ്ങനെ ശിക്ഷിക്കാമെന്നാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ക്രിമിനൽവൽക്കരണം ആരോപിക്കപ്പെട്ട് ശിക്ഷിക്കപ്പെടുന്ന എത്രയോ സാഹചര്യങ്ങൾ... ഇവിടെ പ്രത്യേകിച്ച് പോലീസ്, എക്സൈസ് ഡിപ്പാർട്ടുമെന്റുകൾ ഉദാഹരണമായി ചൂണ്ടിക്കാണിച്ചാൽ നിരപരാധികളായ കീഴ് ഉദ്യോഗസ്ഥന്മാർ മേലുദ്യാഗസ്ഥന്മാരുടെ തെറ്റായ ക്രിമിനൽവൽക്കരണത്തിന് അനുകൂലമായി നിന്നില്ലെങ്കിൽ അവർ ശിക്ഷിക്കപ്പെടുന്ന എത്രയോ സാഹചര്യങ്ങൾ ഈ സംസ്ഥാനത്തുണ്ട്. ആ സാഹചര്യം എന്തുകൊണ്ട് ചർച്ച ചെയ്യുന്നില്ല ? പോലീസ് ഡിപ്പാർട്ടുമെന്റിലെ മേലുദ്യോഗസ്ഥൻ പറയുന്നത് എന്ത് തെറ്റാണെങ്കിലും അത് കേട്ടുകൊള്ളണം. ആ തെറ്റ് ചോദ്യം ചെയ്താൽ അവൻ പോക്ക്.... നമ്മുടെ സംസ്ഥാനത്ത് എത്രയോ ഉദാഹരണങ്ങൾ... ആ നിലയ്ക്ക് പോലീസ് ഡിപ്പാർട്ടുമെന്റിൽ അത്തരത്തിലുള്ള നടപടികൾ ഉണ്ടാകാതിരിക്കാൻ എന്ത് നടപടി

എടുക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ?

ശ്രീ. രമേശ് ചെന്നിത്തല: സർ, IPC., CRPC എന്നീ നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് ഇന്ത്യാ പോലീസും കേരളാ പോലീസും പ്രവർത്തിക്കുന്നത്. അങ്ങനെ ഏതെങ്കിലും മേലുദ്യോഗസ്ഥൻ പറഞ്ഞതിന്റെടയിസ്ഥാനത്തിൽ കീഴ് ഉദ്യോഗസ്ഥൻ പ്രവർത്തിക്കേണ്ട ആവശ്യമില്ല. അതേസമയം പോലീസ് സേനയിലെ അച്ചടക്കം ഏറ്റവും പരമപ്രധാനമാണ്. ബഹുമാനപ്പെട്ട മെമ്പർ ഏതെങ്കിലും പ്രത്യേക കാര്യം ചൂണ്ടിക്കാണിച്ചാൽ അത് ഞാൻ പരിശോധിക്കാം. ജനറലായി പറയുന്നത് ശരിയല്ല. അച്ചടക്കത്തിൽ അധിഷ്ഠിതമായി മാത്രമേ പോലീസിന് പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. മേലുദ്യോഗസ്ഥൻ പറയുന്നത് താഴെയുള്ള ഉദ്യോഗസ്ഥൻ അനുസരിക്കാതിരുന്നാൽ എങ്ങനെ പ്രവർത്തിക്കാൻ സാധിക്കും? അതുകൊണ്ട് സേനയിൽ അച്ചടക്കം ആവശ്യമാണ്. യൂണിഫോം ഫോഴ്സ് എന്നുള്ള നിലയിൽ അച്ചടക്കം പരിപാലിച്ചേ മതിയാകൂ. അതിന് ഏറ്റവും കൂടുതൽ മുൻഗണന നൽകുന്നുണ്ട്. പക്ഷേ അനാവശ്യമായി ഏതെങ്കിലും കാര്യം മുകളിലുള്ള ഉദ്യോഗസ്ഥർ പറഞ്ഞാൽ താഴെയുള്ള ഉദ്യോഗസ്ഥർ ഇപ്പോൾ കേൾക്കാറില്ല. കാരണം അവർക്കിപ്പോൾ നിയമങ്ങളെപ്പറ്റി പൂർണ്ണ ബോധ്യമുണ്ട്. അങ്ങനെയൊന്നും ആരും കേൾക്കാറുമില്ല അങ്ങനെ കേൾക്കേണ്ട

കാര്യവുമില്ലായെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ഇ. കെ. വിജയൻ: സർ, ഇതിൽ കുറ്റകൃത്യങ്ങളെക്കുറിച്ചാണ് പറയുന്നത്. നമ്മൾ കുറ്റകൃത്യങ്ങളില്ലാത്ത ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്യണം. നമ്മുടെ നാട്ടിൽ, കോടതികളിൽ ചെലവഴിക്കാൻ പണവും നല്ലൊരു ക്രിമിനൽ വക്കീലുമുണ്ടെങ്കിൽ നമുക്കും കൊലപാതകം നടത്താം. ആ രീതിയിലേക്ക് നമ്മുടെ നാട് ചിന്തിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്ന ഒരു സമയമാണിത്. അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടികളുടെ മനസ്സിനെ കണ്ടെത്തി കുടുംബത്തെ മനസ്സിലാക്കുന്ന ഒരു നിലപാടിലേയ്ക്ക് പോകുവാനുള്ള ഒരു സമീപനം ഉണ്ടാകേണ്ടതാണ്. കേരളം ഇതിന്റെ നല്ലൊരു ഉദാഹരണമാണ്. കള്ളവും ചതിയുമില്ലാത്ത ഒരു നാടിനെക്കുറിച്ച് സ്വപ്നം കണ്ട ഈ കേരളത്തിൽ ആ നിലയിലേക്ക് പോകാനുള്ളൊരു പരിശ്രമം നടത്തേണ്ടതുണ്ട്. അതിന് ബഹുമാനപ്പെട്ട മന്ത്രി തുനിയുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, കുറ്റകൃത്യങ്ങളില്ലാത്ത കേരളം. crime free Kerala. ഇതാണ് ഗവൺമെന്റിന്റെ ആഗ്രഹം. പക്ഷെ സമൂഹത്തിലുണ്ടാകുന്ന ക്രൈമുകളെ നേരിടാനുള്ള സംവിധാനമാണ് പോലീസിന്റെ സേനയ്ക്ക് ഇന്നുള്ളത്. ജനമൈത്രി പോലീസിലൂടേയും സ്റ്റുഡന്റ് പോലീസ് കേഡറ്റുകളിലൂടെയും

സമൂഹത്തിൽ വളർന്നുവരുന്ന ഇത്തരം പ്രവണതകളെ നിരുത്സാഹപ്പെടുത്താനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.

ശ്രീ. കെ. എം. ഷാജി: സർ, പഴയ കള്ളന്മാരല്ല ഇന്നത്തെ കാലത്തുള്ളത്. മോഡേൺ ടെക്നോളജി അപ്ഡേറ്റ് ചെയ്യുന്ന ആളുകളാണ്. എത്ര വലിയ ടെക്നോളജി കണ്ടുപിടിച്ചാലും അതിനെ ബൈപ്പാസ് ചെയ്യാൻ കഴിയുന്ന തരത്തിലുള്ള വൈദഗ്ദ്ധ്യം അവർക്കുണ്ട്. അതുകൊണ്ടുതന്നെ സ്വാഭാവികമായി ഇപ്പോൾ കണ്ടുപിടിച്ചിരിക്കുന്ന ടെക്നോളജി ഉപയോഗിക്കാൻ കഴിയുന്ന പ്രഗത്ഭരായ ആളുകൾ പോലീസിൽ ഇഷ്ടം പോലെ ഉണ്ടാകാം. പക്ഷേ ഇത് അപ്ഡേറ്റ് ചെയ്യാനുള്ള സംവിധാനം എത്രമാത്രം ഒരുക്കിയിട്ടുണ്ട്?

ശ്രീ. രമേശ് ചെന്നിത്തല: സർ, തീർച്ചയായും ശരിയാണ്. വൈറ്റ് കോളർ ക്രൈംസ് വർദ്ധിച്ചുവരുന്ന കാലമാണിത്. Police is aware of that. നമ്മൾ അതിനെ ഗൗരവമായി കാണുന്നുണ്ട്. പോലീസ് സേനയിൽ ഇതിന് വൈദഗ്ദ്ധ്യമുള്ള ആളുകളെ കണ്ടെത്തുകയും അവരുടെ നേതൃത്വത്തിലാണ് സി.സി.ടി.എൻ.എസ്-ന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതും. മാത്രമല്ല സേനയിലെ കൂടുതൽ ആളുകൾ സാങ്കേതിക വൈദഗ്ദ്ധ്യം നൽകത്തക്ക നിലയിലുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

<u>ശ്രീ. പി. തിലോത്തമൻ:</u> സർ, കുറ്റകൃത്യങ്ങളെയും കുറ്റവാളികളെയും കണ്ടുപിടിക്കാൻ ആധുനിക രീതികൾ അവലംബിക്കുന്ന ഈ കാലത്ത് നമ്മുടെ പോലീസ് മാസാവസാനം മിക്കവാറും എല്ലാ കവലകളും കേന്ദ്രീകരിച്ചുനിന്ന് ടു-വീലറും ഫോർ-വീലറും പരിശോധിക്കുന്നതുവഴി, ജനങ്ങളെ തന്നെ സാമൂഹ്യവിരുദ്ധരായി കൈകാര്യം ചെയ്യുന്ന നടപടി ഇനിയെങ്കിലും അവസാനിപ്പിച്ചു കൂടേ; ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്ന ആളുകളെ കണ്ടുപിടിക്കാനും കുറ്റവാളികളെ കൈകാര്യം ചെയ്യുന്നതിനും ഇത്തരം മോഡേൺ സംവിധാനങ്ങൾ സ്വീകരിക്കുക വഴി പ്രാകൃതമായ സമ്പ്രദായത്തോട് ഇനിയെങ്കിലും വിട പറഞ്ഞു കൂടേ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, വാഹന പരിശോധന വേണ്ടായെന്ന് വയ്ക്കാൻ കഴിയില്ല. കാരണം പലതരത്തിലുള്ള കുറ്റകൃത്യങ്ങൾ നടത്തുന്ന ആളുകളെയും unlawful substances കൊണ്ടുപോകുന്നവരെയുമൊക്കെ പിടിക്കേണ്ടി വരും. വാഹന പരിശോധനയിൽ കർശനമായി പാലിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് ഡി.ജി.പി. ശ്രീ. സെൻകുമാർ തന്നെ കഴിഞ്ഞ ദിവസം ഒരു സർക്കുലർ ഇറക്കിയിട്ടുണ്ട്. അത് കേരളത്തിൽ പ്രായോഗികമാക്കാൻ ഞങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ആളുകളെ വഴിയരികിൽ തടഞ്ഞുനിർത്തുമ്പോൾ അവരോട് എങ്ങനെ പെരുമാറണം, ഏത് നിലയിലായിരിക്കണം അവരോട്

പെരുമാറേണ്ടത്. ഇത് സംബന്ധിച്ച് വിശദമായ സർക്കുലർ ഇറക്കിയിട്ടുണ്ട്. അതനുസരിച്ച് അത് തെറ്റിക്കുന്ന ആളുകളുടെ പേരിൽ നടപടിയെടുക്കും.

ശ്രീ. പി. തിലോത്തമൻ: സർ, ഇതിന് പ്രത്യേകമായി ടാർജറ്റ് നൽകിയിട്ടുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ടാർജറ്റ് ഒന്നും നൽകിയിട്ടില്ല. പക്ഷെ ഇത് പരിശോധിക്കാതിരിക്കാൻ നിർവ്വാഹമില്ല. പരിശോധിക്കേണ്ടി വരും. പ്രാകൃതമായി നിലയിലുള്ള ഊതിക്കുന്നതുപോലുള്ള പരിശോധനകൾ നിർത്തി. അല്ലാതെ തന്നെ അതിനാവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഉപകരണങ്ങൾ ലഭ്യമാണ്. അൽക്കോ മീറ്റർ എല്ലാ പോലീസ് സ്റ്റേഷനിലും കൊടുക്കാൻ പറഞ്ഞിട്ടുണ്ട്.

ശ്രീ. ജി. സുധാകരൻ: റോഡിൽ നിന്ന് പരിശോധനയ്ക്കായി വാങ്ങുന്ന പുസ്തകത്തിൽ നോട്ട് കെട്ടുകൾ വച്ചാണ് വാങ്ങുന്നത്. അത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഫൈൻ അടയ്ക്കേണ്ട കേസുകളിൽ ഫൈൻ അടയ്ക്കേണ്ടി വരും. അതല്ലാതെ പോലീസ് പ്രാകൃതമായ നിലയിൽ പെരുമാറാൻ പാടില്ല. അങ്ങനെ ഉണ്ടായിട്ടുണ്ട്. അങ്ങ് തന്നെ ഒരു സംഭവം എന്റെ ശ്രദ്ധയിൽപ്പെടുത്തി. അതിന്റെ പേരിൽ നടപടിയെടുത്തു. ശ്രീ. റ്റി. ആഞ്ചലോസ്

മുൻ എം. പി. യുടെ പേരിൽ ഇങ്ങനെ ഉണ്ടായപ്പോൾ അങ്ങ് എന്റെ ശ്രദ്ധയിൽപ്പെടുത്തി നടപടികൾ എടുത്തിട്ടുണ്ട്. അപൂർവ്വമായി ഉണ്ടാകുന്ന ഇത്തരം കേസുകളിൽ തീർച്ചയായും നടപടി സ്വീകരിക്കാറുണ്ട്.

മി. സ്പീക്കർ: ഇനിയും ധാരാളം അംഗങ്ങൾ ചോദ്യം ചോദിച്ചിട്ടുണ്ട്. പക്ഷേ ചോദ്യങ്ങൾ വളരെ ദീർഘമായി ചോദിക്കുന്നതുകൊണ്ട് കൂടുതൽ അംഗങ്ങൾക്ക് അവസരം നൽകാൻ കഴിയുന്നില്ല കൂടുതൽ ചോദ്യവും എടുക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ബഹുമാന്യരായ അംഗങ്ങൾ ചോദ്യം ചുരുക്കി ചോദിക്കുകയും മന്ത്രിമാർ ചുരുക്കി മറുപടി പറയുകയും ചെയ്താൽ കൂടുതൽ ചോദ്യങ്ങൾ എടുക്കാൻ കഴിയും. ഇപ്പോൾ തന്നെ ഒരു ചോദ്യത്തിന് അരമണിക്കൂർ കഴിഞ്ഞു.

## കെ.എസ്. ആർ.ടി.സി ബസ്സുകളിലെ യാത്രാസൗജന്യം

2(*452) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. ആർ. രാജേഷ്:
ശ്രീമതി കെ. എസ്. സലീഖ:
ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ബസ്സുകളിലെ യാത്രാസൗജന്യം സംബന്ധിച്ച സർക്കാർ നിലപാട് വിശദമാക്കാമോ; ഏതെല്ലാം വിഭാഗങ്ങൾക്ക് എന്തെല്ലാം

സൗജന്യങ്ങളാണിപ്പോൾ നൽകിവരുന്നത്; ഇതിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതെങ്കിലും വിഭാഗം വിദ്യാർത്ഥികൾക്ക് നൽകിയ സൗജന്യം പിൻവലിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി. ഉത്തരവിറക്കിയിട്ടുണ്ടോ; ഇതിനായി കെ.എസ്.ആർ.ടി.സി- ക്ക് നിർദ്ദേശം ലഭിച്ചതെവിടെ നിന്നാണ്; പിന്നീട് അതിൽ മാറ്റം വരുത്തുകയുണ്ടായോ;

(സി) കെ.എസ്.ആർ.ടി.സി. ക്ക് സർക്കാർ നൽകിയിരുന്ന ഉറപ്പുകൾ അനുസരിച്ചുള്ള എന്തെല്ലാം സഹായങ്ങളാണ് ലഭിച്ചിട്ടില്ലാത്തതെന്ന് വെളിപ്പെടുത്താമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,

(എ) കെ.എസ്.ആർ.ടി.സി ബസ്സുകളിൽ വിവിധ വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള യാത്രാ സൗജന്യം നിലനിർത്തണമെന്നതാണ് സർക്കാർ നിലപാട്.

കെ.എസ്.ആർ.ടി.സി ബസ്സുകളിൽ വിവിധ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന യാത്രാ സൗജന്യങ്ങളെ സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.

1. <u>വികലാംഗർ:-</u> 40% -ൽ കൂടുതൽ സ്ഥിരമായ അസ്ഥിവൈകല്യം ഉള്ളവരും 15000/- രൂപയിൽ കുറവ് വരുമാനവുമുള്ള വികലാംഗർക്കാണ് സൗജന്യ യാത്രാ പാസ് നൽകുന്നത്. ഇവർക്ക് 70% യാത്രാകൂലിയിൽ ഇളവ് ലഭിക്കുന്നു.

2. <u>അന്ധർ:-</u> 100% രണ്ട് കണ്ണിനും അന്ധതയുള്ളവർക്ക് വരുമാന പരിധിയില്ലാതെ നല്കുന്ന യാത്രാ സൗജന്യ പാസ്. യാത്രയ്ക്ക് 100% ഇളവ് അനുവദിച്ചിരിക്കുന്നു.

3. <u>ബധിര-മൂകർ:-</u> 50% വൈകല്യമുള്ള ബധിരമൂകരായവർക്ക് യാത്രാകൂലിയുടെ പകുതി നൽകി താമസ സ്ഥലത്തുനിന്നും 40 കി.മീറ്റർ ദൂരം യാത്ര ചെയ്യുന്നതിന് നല്കുന്ന പാസ്. വരുമാനപരിധി ഇല്ല. യാത്രയ്ക്ക് 50% ഇളവ് അനുവദിക്കുന്നു.

4. <u>ബുദ്ധിമാന്ദ്യമുള്ളവർ:-</u> 50% ബുദ്ധിമാന്ദ്യമുള്ളവർക്ക് താമസസ്ഥലത്തുനിന്നും 40 കി.മീറ്റർ ദൂരം യാത്ര ചെയ്യുന്നതിന് നല്കുന്ന പാസ്. വരുമാനപരിധി ഇല്ല. കൂടെ പോകുന്ന ആളിനും പാസ് ലഭിക്കുന്നു. യാത്രയ്ക്ക് 50% ഇളവ് രണ്ട് പേർക്കും അനുവദിക്കുന്നു. 40% മോ അതിൽ കൂടുതലോ സെറിബ്രൽ പാൾസി ബാധിച്ചവർക്കും ഈ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്.

5. മുൻ ഗതാഗത വകുപ്പ് മന്ത്രിമാർ (ഗോൾഡൻ പാസ് എന്നറിയപ്പെടുന്നു).

യാത്രയ്ക്ക് 100% ഇളവ് അനുവദിച്ചിരിക്കുന്നു.

6. എം.എൽ.എ മാർ, മുൻ എം.എൽ.എ മാർ, എം.പി മാർ, മുൻ എം.പി മാർ, ഇവർക്ക് (നിയമസഭ സെക്രട്ടറിയേറ്റ് നൽകുന്ന തിരിച്ചറിയൽ കാർഡ് ഉപയോഗിച്ച് യാത്ര അനുവദിച്ചിരിക്കുന്നു).

7. 70 വയസ്സുകഴിഞ്ഞ മുൻ എം.എൽ.എ.മാരെ അനുഗമിക്കുന്ന ഒരാളിന് യാത്രയ്ക്ക് 100% ഇളവ് അനുവദിച്ചിരിക്കുന്നു.

8. സ്വാതന്ത്ര്യ സമര സേനാനികൾ, അവരുടെ വിധവകൾ. യാത്രയ്ക്ക് 100% ഇളവ് അനുവദിച്ചിരിക്കുന്നു.

9. ക്യാൻസർ രോഗികൾക്ക് ചികിത്സയ്ക്ക് പോയി വരുന്നതിനു മാത്രം നൽകുന്ന പാസ്. യാത്രയ്ക്ക് 50% ഇളവ് അനുവദിച്ചിരിക്കുന്നു.

10. കോംപ്ലിമെന്ററി പാസുകൾ (അർജ്ജുന, ദ്രോണാചാര്യ അവാർഡ് ജേതാക്കൾ, കബീർ പുരസ്കാരം നേടിയവർ, അംഗീകൃത തൊഴിലാളി സംഘടനകളുടെ ജനറൽ സെക്രട്ടറി, പ്രസിഡന്റ്, പി.സി.ആർ.എ. നിന്നുള്ള അദ്ധ്യാപകർ, ഏഷ്യാഡിലെ സ്വർണ്ണമെഡൽ ജേതാക്കൾ എന്നിവർക്ക് കെ.എസ്.ആർ.ടി.സി ബസുകളിൽ സൗജന്യ യാത്ര അനുവദിച്ചിട്ടുണ്ട്. യാത്രയ്ക്ക് 100% ഇളവ് അനുവദിച്ചിരിക്കുന്നു.

11. കുട്ടികൾക്കുള്ള/വിദ്യാർത്ഥികൾക്കുള്ള കൺസെഷൻ. പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് 100% സൗജന്യവും, മറ്റ് വിദ്യാർത്ഥികൾക്ക് 82.68% ഇളവും അനുവദിച്ചിരിക്കുന്നു.

12. അക്രഡിറ്റേഷനുള്ള പത്രപ്രവർത്തകർക്ക് സൂപ്പർ ഡീലക്സ് ഉൾപ്പടെയുള്ള ബസ്സുകളിൽ പരിധിയില്ലാതെ യാത്ര ചെയ്യുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ടി പാസ്സുകൾക്ക് പ്രതിമാസം 125 രൂപ മാത്രം സർക്കാർ കോർപ്പറേഷന് നൽകുന്നതിന് ഉത്തരവുണ്ട്.

വിവിധ വിഭാഗങ്ങൾക്ക് കെ.എസ്.ആർ.ടി.സി നൽകിവരുന്ന യാത്രാ സൗജന്യത്തിൽ മാറ്റം വരുത്തുണമെന്ന് സർക്കാർ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഇത്തരം സൗജന്യങ്ങൾ അനുവദിക്കുന്നതുമൂലം കെ.എസ്.ആർ.ടി.സി ക്ക് ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത എത്രത്തോളം ഏതുപ്രകാരത്തിൽ കോമ്പൻസേറ്റ് ചെയ്യാമെന്ന് സർക്കാർ പരിശോധിച്ചു വരികയാണ്.

(ബി) 31.01.2015-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി ബസ്സിൽ സൗജന്യനിരക്കിൽ യാത്ര ചെയ്യുന്ന പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് 01/02/2015 മുതൽ പൂർണ്ണമായും സൗജന്യ യാത്ര അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു. അടുത്ത അദ്ധ്യയന

വർഷാരംഭത്തിൽ അതായത് 2015-16-ൽ പുതുതായി പ്ലസ് ടു തലം വരെ അഡ്മിഷൻ നേടിയവർക്ക് 31.01.2015-ലെ ഉത്തരവ് പ്രകാരം കൺസഷൻ അനുവദിക്കാൻ കഴിയുകയില്ലെന്നും കൂടാതെ കെ.എസ്.ആർ.ടി.സി ബസ്സുകളിൽ ഇത്തരം വിദ്യാർത്ഥികൾക്ക് പൂർണ്ണ സൗജന്യ യാത്ര അനുവദിച്ചിരിക്കുന്നത് പ്രതിദിന വരുമാനത്തെ ബാധിച്ചിട്ടുണ്ടെന്നും അതിനാൽ ഇക്കാര്യത്തിൽ പുതുക്കിയ ഉത്തരവുണ്ടാകണമെന്നും കെ.എസ്.ആർ.ടി.സിയുടെ സി.എം.ഡി. ആവശ്യപ്പെട്ടിരുന്നു. കെ.എസ്.ആർ.ടി.സി യുടെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ സൗജന്യ യാത്ര എന്ന ആനുകൂല്യം അനുവദിക്കുന്നതിന് ചില നിയന്ത്രണങ്ങൾ ആവശ്യമാണെന്ന് കണ്ടതിനെ തുടർന്ന് ഇത് സംബന്ധിച്ച് പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിന് ഗതാഗത സെക്രട്ടറി, ട്രാൻസ്പോർട്ട് കമ്മീഷണർ, കെ.എസ്.ആർ.ടി.സി-യുടെ സി.എം.ഡി. എന്നിവരുടെ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും കഴിഞ്ഞ വർഷം സൗജന്യ യാത്ര അനുവദിച്ചതുപോലെ പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ യാത്ര അനുവദിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് 09/06/2015-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ ഈ ഉത്തരവിൽ അക്കാര്യം വ്യക്തമാകാതെ വരികയുണ്ടായി. അത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി ഉത്തരവിൽ ഭേദഗതി

വരുത്തി കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ നിരക്കിൽ യാത്ര ചെയ്യുന്ന പ്ലസ് ടു തലം വരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും പൂർണ്ണമായും സൗജന്യ യാത്ര അനുവദിച്ചുകൊണ്ട് 10/06/2015-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇപ്പോൾ പ്ലസ് ടു തലം വരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും കെ.എസ്.ആർ.ടി.സി സൗജന്യ യാത്ര അനുവദിച്ചു വരുന്നുണ്ട്. ഗതാഗത വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി വിദ്യാർത്ഥികളുടെ സൗജന്യ യാത്ര ഏതു പ്രകാരത്തിൽ തുടർന്നും അനുവദിക്കാമെന്നും, ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ ആവശ്യമുണ്ടോ എന്നും, കെ.എസ്.ആർ.ടി.സി.-യ്ക്കുണ്ടാകുന്ന വരുമാന നഷ്ടം എങ്ങനെ പരിഹരിക്കാമെന്നുമൊക്കെയുള്ള കാര്യങ്ങൾ സംബന്ധിച്ച ശുപാർശകൾ സമർപ്പിക്കുമ്പോൾ അതു പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. അതുവരെ നിലവിലുള്ള സൗജന്യ യാത്രയിൽ മാറ്റമൊന്നും ഉണ്ടാകുകയില്ല.

(സി) വിവിധ വിഭാഗങ്ങൾക്ക് കെ.എസ്.ആർ.ടി.സി. യാത്രാ സൗജന്യം അനുവദിച്ചിട്ടുള്ളതിൽ ബുദ്ധിമാന്ദ്യം ഉള്ളവർക്കും അവരെ അനുഗമിക്കുന്നവർക്കും 40% സെറിബ്രൽ പാൾസി ബാധിച്ചവർക്കും അവരെ അനുഗമിക്കുന്നവർക്കും നല്കുന്ന യാത്രാ സൗജന്യത്തിന്റെ പേരിലുള്ള ബാധ്യത സർക്കാർ നികത്തുന്നതാണ് എന്ന് ബന്ധപ്പെട്ട ഉത്തരവുണ്ട്. അക്രഡിറ്റേഷൻ ഉള്ള പത്രപ്രവർത്തകർക്ക് സൗജന്യ

യാത്ര നൽകുന്നതിനായി അനുവദിക്കുന്ന ഓരോ പാസിനും 125 രൂപ വീതം പ്രതിമാസം കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിക്കുന്നതിന് ഉത്തരവുണ്ട്. ഇതിനുള്ള തുക 2012-13 വർഷം വരെ കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകിയിട്ടുണ്ട്. ഈ തുകയിൽ മാറ്റം ആവശ്യപ്പെട്ടുകൊണ്ടുള്ള നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുമായി ചർച്ച ചെയ്തുവരുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, കെ.എസ്.ആർ.ടി.സി. എക്സിക്യൂട്ടീവ് ഡയറക്ടർ ഇപ്പോൾ പുതിയ ഒരു ഉത്തരവ് ഇറക്കിയിരിക്കുന്നു എന്നാണ് മനസ്സിലാക്കുന്നത്. ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകളുടെയും ജീവനക്കാരുടെയും എണ്ണം സംബന്ധിച്ച് അടിയന്തര റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി. 9408 പേർക്ക് അഡ്വൈസ് മെമ്മോ കൊടുത്തിട്ട് രണ്ടു വർഷം പൂർത്തിയാകാൻ ഇനി ഒരു മാസം മാത്രമാണ് ബാക്കിയുള്ളത്. കഴിഞ്ഞ ഒക്ടോബർ മാസത്തിൽ കേരളത്തിലെ DYFI, AIYF തുടങ്ങിയ യുവജന സംഘടനകൾ സെക്രട്ടേറിയേറ്റിന് മുന്നിൽ നിരാഹാരം കിടന്നു. നിരാഹാരം 4-ാം ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുത്ത് ബഹുമാന്യരായ ആഭ്യന്തര വകുപ്പുമന്ത്രി, ഗതാഗത വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഒരു ധാരണയുണ്ടായി. കേരളത്തിന്റെ ചരിത്രത്തിൽ അഡ്വൈസ് മെമ്മോ കൊടുത്തിട്ട് അപ്പോയിന്റ്മെന്റ് ഓർഡറിനു വേണ്ടി രണ്ടു

വർഷം കാത്തു നിൽക്കേണ്ട അവസ്ഥ ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. ഇത് വളരെ സീരിയസായ പ്രശ്നമാണ്. ബഹുമാന്യനായ സ്പീക്കറുടെ മണ്ഡലത്തിലെ ഉദ്യോഗാർത്ഥികളും ഇതിൽ ഉൾപ്പെടുന്നുണ്ട്. അവരുടെ കാര്യം കൂടിയാണ് ഞാൻ പറയുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 4803 ആവറേജ് ഷെഡ്യൂളുകൾ ഉണ്ടായിരുന്നു. ഇപ്പോൾ അത് 4400 ആയി കുറഞ്ഞിരിക്കുന്നു. പുതിയ 1300 ബസ് ഇറക്കുമെന്ന് ട്രേഡ് യൂണിയൻ പ്രതിനിധികൾക്ക് ഉറപ്പ് നൽകി. എന്നാൽ 680 ചേസിസ് മാത്രേമേ എത്തിയുള്ളൂ, 400 ബസ്സുകൾ പുറത്തിറങ്ങി. ഇപ്പോൾ ബ്ലാക്ക്സ്മിത്തിന്റെ റാങ്ക് ലിസ്റ്റുണ്ടെങ്കിലും നിയമനം നടക്കുന്നില്ല. താൽക്കാലിക ജീവനക്കാരെക്കൊണ്ട് ചെയ്യിപ്പിക്കാമെന്ന് ട്രേഡ് യൂണിയൻ പറയുന്നു. ചേസിസ് ഉണ്ടെങ്കിലും അതിന്റെ വർക്ക് നടക്കുന്നില്ല. ഇത്തരമൊരു സാഹചര്യമാണ് നിലവിലുള്ളത്. ഉദ്യോഗാർത്ഥികൾ കടുത്ത ആശങ്കയിലാണ്. ബഹുമാന്യനായ മന്ത്രി നൽകിയ ഉറപ്പ് പാലിക്കണം. അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് അപ്പോയിന്റ്മെന്റ് ഓർഡർ എപ്പോൾ നൽകുമെന്ന് ഈ സഭയിൽ പറയാൻ മന്ത്രി തയ്യാറാകണം.

മി. സ്പീക്കർ: ശ്രീ. റ്റി. വി. രാജേഷ്, ഇങ്ങനെ ചോദ്യം ചോദിച്ചാൽ ആർക്കും അവസരം കിട്ടില്ല. ഒരാളിന് മാത്രം ചോദിച്ചാൽ മതിയോ; മറ്റുള്ളവർക്കും അവസരം

കൊടുക്കണ്ടേ? ഇത്രയും ദീർഘമായി ചോദിച്ചാൽ എങ്ങനെയാണ്; ചോദ്യോത്തര സമയം ഒരു മണിക്കൂറല്ലേയുള്ളൂ.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇവിടെ കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ യാത്രാസൗജന്യമാണ് പ്രധാനപ്പെട്ട ചോദ്യം. പക്ഷെ, അതിൽനിന്നും വ്യത്യസ്തമായി കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട മറ്റൊരു പ്രശ്നമാണ് പറഞ്ഞത്. ആ പ്രശ്നം സബ്മിഷനായി കൊടുത്താൽ ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതിയോടുകൂടി ഞാനതിന് മറുപടി നൽകാം. അങ്ങേയ്ക്ക് സ്ട്രെയിറ്റായിട്ടാണ് മറുപടി വേണ്ടതെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചാൽ ഒരു വാക്കിൽ ഞാൻ മറുപടി പറയാം. 9300 ഉദ്യോഗാർത്ഥികൾക്കാണ് അന്ന് അഡ്വൈസ് മെമ്മോ കൊടുത്തിരുന്നത്. ഞാൻ പല സന്ദർഭത്തിലും പറഞ്ഞിട്ടുള്ള കാര്യമാണ്, 2808 വേക്കൻസി ഉള്ളപ്പോഴാണ് 9300 ആളുകൾക്ക് തെറ്റായിട്ട് അന്ന് അഡ്വൈസ് മെമ്മോ കൊടുത്തത്. അത് തെറ്റാണ് എന്നുള്ള നിലയിൽ അവിടെ നടപടികൾ നടക്കുന്നുണ്ട്. എന്നാൽ ഒരു ഉദ്യോഗസ്ഥൻ ചെയ്ത തെറ്റിന് ഇവിടെയുള്ള ഉദ്യോഗാർത്ഥികളെ ശിക്ഷിക്കുന്നത് ശരിയല്ല. അതുകൊണ്ട് 9300 ആളുകൾക്കും ജോലി കൊടുക്കാനുള്ള മാർഗ്ഗമാണ് ഞങ്ങൾ തേടിക്കൊണ്ടിരിക്കുന്നത്. നോൺ ജോയിനിംഗ് വേക്കൻസികൾ ഉൾപ്പെടെ ഏകദേശം ഏഴായിരത്തലധികം

ആളുകൾക്ക് ഇപ്പോൾ അപ്പോയിന്റ്മെന്റ് ഓർഡർ കൊടുത്തു കഴിഞ്ഞു. അങ്ങ് അത് കൃത്യമായി ചോദിക്കാത്തതുകൊണ്ട് ഇപ്പോൾ എനിക്ക് കൃത്യമായ കണക്ക് പറയാൻ പറ്റില്ല. പി.എസ്.സി.യുടെ സഹായത്തോടുകൂടി നോൺ ജോയിനിംഗ് ആയി വരുന്ന വേക്കൻസികളിലേയ്ക്ക് ബാക്കിയുള്ള ആളുകൾക്ക് കൂടി ജോലി കൊടുക്കാനുള്ള ശ്രമത്തിലാണ്. ഇക്കാര്യം ഞാൻ നേരത്തെ തന്നെ പറഞ്ഞിരുന്നതാണ്. ഇവിടെ സമരം നടന്നുവെന്നുള്ളത് സത്യമാണ്. രണ്ട് സംഘടനകൾ മാത്രമല്ല, കേരളത്തിലെ എല്ലാ യുവജന പ്രസ്ഥാനങ്ങളും സമരത്തിൽ പങ്കെടുത്തിരുന്നു. യൂത്ത് കോൺഗ്രസ്സിന്റെ നിവേദനം എനിക്ക് പ്രത്യേകമായി തന്നിരുന്നു. നിങ്ങളും നേരിട്ട് വന്ന് ഞാനുമായി ചർച്ച ചെയ്തിരുന്നു. ഇക്കാര്യത്തിൽ ചെയ്യാവുന്ന എല്ലാ സഹായകരമായ നിലപാടുകളും സ്വീകരിക്കും. പക്ഷെ ഒരിക്കൽ ചെയ്ത തെറ്റ് തിരുത്തുന്നതിനുവേണ്ടി ഞങ്ങൾ ഒത്തിരി വിയർപ്പ് ഒഴുക്കേണ്ടി വന്നു എന്നുള്ളതാണ് ഇതിന്റെ യാഥാർത്ഥ്യം.

ശ്രീ. റ്റി. വി. രാജേഷ്: സർ, യാത്രാ സൗജന്യവുമായി ബന്ധപ്പെട്ട ചോദ്യത്തിന് മറുപടിയിൽ സൗജന്യയാത്രയിൽ മാറ്റം വരുത്തിയിട്ടില്ല എന്നാണ് പറഞ്ഞിട്ടുള്ളത്. അതുകൊണ്ടാണ് കെ.എസ്.ആർ.ടി.സി.യുമായി ബന്ധപ്പെട്ട മറ്റൊരു ചോദ്യം ചോദിച്ചത്. കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളോട്

കെ.എസ്.ആർ.ടി.സി.ക്ക് കടുത്ത അവഗണനയാണുള്ളത്. മലയാള മനോരമ പത്രം അതു സംബന്ധിച്ച് ജനപ്രതിനിധികളുടെ അഭിപ്രായം തേടിയിരുന്നു. കടുത്ത പ്രതിഷേധമാണ് അന്ന് അംഗങ്ങൾ രേഖപ്പെടുത്തിയത്. ഈ ജില്ലകളിൽ ആനുപാതികമായി ലോ ഫ്ലോർ ബസ്സ് കിട്ടിയിട്ടില്ല. കണ്ണൂർ, കാസർഗോഡ് ജില്ലകൾക്ക് പുതിയ എ.സി. ബസ്സ്, ലോ ഫ്ലോർ ബസ്, ബാംഗ്ലൂരിലേയ്ക്ക് ഒരു എ.സി. ബസ് എന്നിവ നൽകാൻ തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇത് നമ്മുടെ കുറ്റമല്ല, 2009-ൽ ഉണ്ടാക്കിയ എഗ്രിമെന്റിൽ കണ്ണൂരും കാസർഗോഡും ചേർത്തിരുന്നില്ല. അതുകൊണ്ട് ഇത് ക്ലസ്റ്റർ രൂപത്തിലാക്കി വയനാട്ടിൽ നിന്ന് കണ്ണൂരിലേയ്ക്കും കാസർഗോഡിലേയ്ക്കും പോകുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചിരിക്കുകയാണ്. നേരിട്ട് നമുക്ക് തരാനുള്ള ബുദ്ധിമുട്ട് ഉള്ളതുകൊണ്ടാണ്. പക്ഷെ എന്നാൽ പോലും ആ രണ്ട് ജില്ലകളിലുമുള്ള ആളുകളുടെ യാത്രാ പ്രശ്നങ്ങൾ കൂടി പരിഹരിച്ചുകൊണ്ടുള്ളൊരു തീരുമാനമെടുത്ത് നടപ്പാക്കുന്നതിനുള്ള ശ്രമത്തിലാണ്.

ശ്രീ. ആർ. രാജേഷ്: സർ, സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന്റെയും മിസ്മാനേജ്മെന്റിന്റെയും ഭാഗമായി കെ.എസ്.ആർ.ടി.സി. 1616 കോടിയോളം രൂപ നഷ്ടത്തിലാണ്. അത് സംസ്ഥാന

ഗവൺമെന്റ് നൽകണമെന്ന് കെ.എസ്.ആർ.ടി.സി ആവശ്യപ്പെട്ടിരുന്നു. കൂടാതെ മലയോര സർവ്വീസ്, ദീർഘദൂര സർവ്വീസ്, വിവിധ സൗജന്യങ്ങൾ എന്നിവയൊക്കെ കൊടുക്കണം. 1613 കോടി രൂപ സംസ്ഥാന ഗവൺമെന്റ് കെ.എസ്.ആർ.ടി.സി.ക്ക് കൊടുക്കണമെന്നാണ് 2014 ഡിസംബറിൽ ഹൈക്കോടതി വിധി വന്നത്. എന്നാൽ അത് കൊടുക്കേണ്ടതില്ല എന്ന നിലയിലുള്ള ഒരു അപ്പീൽ സംസ്ഥാന സർക്കാർ കോടതി വിധിയുടെ പശ്ചാത്തതലത്തിൽ കൊടുത്തിരിക്കുകയാണ്. ഇത് സർക്കാരിന്റെ ഇരട്ടത്താപ്പാണ്. കെ.എസ്.ആർ.ടി.സി.യെ സഹായിക്കേണ്ട സംസ്ഥാന ഗവൺമെന്റ് ആ കോടതിവിധിക്ക് എതിരായി അപ്പീൽ കൊടുത്തത് ശരിയാണോ; ആ കോടതി വിധി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഗവൺമെന്റിന് സാമ്പത്തിക ക്ലേശമുണ്ടെങ്കിലും ഇത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗങ്ങളിലൂടെ നമ്മൾ എല്ലാ രൂപത്തിലും മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. അങ്ങ് ഇവിടെ തുകയെ കുറിച്ച് പറഞ്ഞതുകൊണ്ട് മാത്രം ഒരു കാര്യം പറയാം. 2008 മുതൽ 2011 വരെ 432 കോടി രൂപ കെ.എസ്.ആർ.ടി.സി.ക്ക് അന്നത്തെ ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. 2012 മുതൽ 2015 വരെ 1289 കോടി രൂപ ഈ ഗവൺമെന്റും കൊടുത്തിട്ടുണ്ട്. ഇത് രണ്ടും ലഭിച്ചിട്ടും ഈ പ്രശ്നത്തിന് പരിഹാരമുണ്ടായില്ല. അതുകൊണ്ട് സാമ്പത്തിക

ക്ലേശം പരിഹരിക്കുന്നതിനുള്ള മറ്റുചില നടപടികൾകൂടി ഞങ്ങൾ പ്രത്യേകമായി നോക്കുന്നുണ്ട്. ഗവൺമെന്റിന് കോടതിയിൽ ചില കേസ്സുകളുണ്ട്, അതിൽ കെ.എസ്.ആർ.ടി.സി. അവരുടെ സ്റ്റാൻഡ് പറഞ്ഞിട്ടുണ്ട്. ആ സ്റ്റാൻഡിലാണ് കെ.എസ്.ആർ.ടി.സി. അഫിഡവിറ്റ് കൊടുത്തിട്ടുള്ളത്. ഗവൺമെന്റിൽനിന്ന് ചില കാര്യങ്ങളിൽ സൗജന്യം നൽകാമെന്ന് നേരത്തെ തന്നെ പറഞ്ഞിരുന്നു. അതിനു വേണ്ടി തുക തിട്ടപ്പെടുത്തിയാൽ അത് ലഭിക്കേണ്ടതാണ്. അത് ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്. ചില കാര്യങ്ങളിൽ സൗജന്യം കൊടുക്കുമ്പോൾ ഗവൺമെന്റ് കോമ്പൻസേറ്റ് ചെയ്തു കൊള്ളാം എന്നൊരു ഘടകമുണ്ട്. എല്ലാംകൂടി ചേർത്താണ് 1289 കോടി രൂപ എന്ന് ധനകാര്യ വകുപ്പ് ഞങ്ങളെ അറിയിച്ചിട്ടുള്ളത്. ഞങ്ങൾ അതിലുള്ള ചർച്ചയും തുടർന്നു കൊണ്ടിരിക്കുകയാണ്.

<u>ശ്രീമതി കെ. എസ്. സലീഖ</u>: സർ, ദിനംപ്രതി നാൽപ്പത് ലക്ഷത്തോളം ആളുകൾക്ക് യാത്ര ചെയ്യാനുള്ള സംവിധാനമുള്ള കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. എന്നാൽ ഇപ്പോൾ കെ.എസ്.ആർ.ടി.സി-യിലെ ജീവനക്കാരുടെ ശമ്പളവും പെൻഷനും സമയബന്ധിതമായി കൊടുക്കാൻ കഴിയുന്നില്ലെന്ന് അതിന്റെ ലാഭനഷ്ടക്കണക്കുകൾ

പറഞ്ഞുകൊണ്ടിരിക്കുന്നു. ഇപ്പോൾ ദീർഘദൂര സർവ്വീസുകൾ സ്വകാര്യമേഖലയ്ക്ക് കൊടുത്തിരിക്കുന്നുവെന്ന വാർത്തയാണ് വരുന്നത്. കെ.എസ്.ആർ.ടി.സി-യുടെ 185 റൂട്ടുകൾ സ്വകാര്യബസുകൾക്ക് മാറ്റികൊടുത്തിരിക്കുകയാണ്. ഇത്തരം നഷ്ടങ്ങൾ, സൗജന്യ യാത്രകളുടെയുമൊക്കെ നഷ്ടം പരിഹരിക്കണമെങ്കിൽ കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിനാവശ്യമായ സമീപനം സ്വീകരിക്കേണ്ടതുണ്ട്. അതുപോലെ സ്പെയർ പാർട്സും ടയറും ഇല്ല. അതിന്റെ പുറമേയാണ് വൈഫൈ സംവിധാനം നടപ്പിലാക്കുന്നത്. ഇത് കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കാനാണോ ഉപകരിക്കുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, യൂണിയൻ നേതാക്കളുമായി നടന്ന ചർച്ചയിൽ കെ.എസ്.ആർ.ടി.സി മോഡണൈസ് ചെയ്യണമെന്നത് അവരുടെകൂടി അഭിപ്രായമാണ്. അവരുമായി ബന്ധപ്പെട്ടാൽ ബഹുമാനപ്പെട്ട അംഗത്തിനും ഇത് അറിയാൻ സാധിക്കും. അങ്ങനെയാണ് വൈഫൈ സംവിധാനത്തോടുകൂടിയ വണ്ടികൾ വേണമെന്നുള്ള തീരുമാനമുണ്ടായത്. ഇവിടെ പെൻഷനെക്കുറിച്ച് പറഞ്ഞതുകൊണ്ട് ഞാനൊരു കാര്യം പറയാം. പെൻഷൻ കൊടുക്കുന്നതിന് മാസത്തിൽ നാൽപ്പത്തിരണ്ടര കോടി രൂപ വേണം. അതിന് ഞങ്ങൾ ധനകാര്യ വകുപ്പുമായി ഒരു ക്രമീകരണമുണ്ടാക്കി. എല്ലാമാസങ്ങളിലും 15-ാം തീയതിക്കു മുമ്പ്

പെൻഷൻ കൊടുക്കുന്നതിനായി ഇരുപതു കോടി രൂപ ധനകാര്യവകുപ്പ് തരും ബാക്കി തുക ഞങ്ങൾ ഉണ്ടാക്കുകയാണ്. പകരം ഇരുപത്തിരണ്ടര കോടി രൂപ കെ.എസ്.ആർ.ടി.സി അടയ്ക്കണം. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടായി കഴിഞ്ഞു. രണ്ടുമാസമായി ഇതെല്ലാം കൃത്യമായി നടന്നുകൊണ്ടിരിക്കുകയാണ്. അതോടുകൂടി പെൻഷന്റെ കാര്യത്തിൽ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞു. മോഡണൈസ് ചെയ്ത് മുന്നോട്ടുപോകാനുള്ള ശ്രമത്തിലാണ്. എങ്കിലേ കൂടുതൽ യാത്രക്കാരും അതോടൊപ്പം കൂടുതൽ വരുമാനവുമുണ്ടാകൂ. അതുണ്ടാക്കാനുള്ള ശ്രമത്തിലാണ്.

<u>ശ്രീ. ബി. സത്യൻ</u>: വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കിയ രാജ്യമാണ് നമ്മുടേത്. എന്തടിസ്ഥാനത്തിലാണ് 31.1.2015-ൽ മാനേജിംഗ് ഡയറക്ടർ ഏകപക്ഷീയമായി കുട്ടികളുടെ സൗജന്യനിരക്കിലുള്ള യാത്രാസൗജന്യം നിഷേധിച്ചുകൊണ്ട് ഉത്തരവ് ഇറക്കിയത്. അത് ഈ ഗവൺമെന്റിന്റെ നയമാണോ? കുട്ടികൾ സ്കൂളിൽ വന്നില്ലെങ്കിൽ അവരുടെ വീട്ടിൽ പോയി പഠിപ്പിക്കുക എന്ന രീതിയിലേയ്ക്ക് വിദ്യാഭ്യാസ രംഗത്ത് മുന്നേറ്റമുണ്ടാകുമ്പോഴാണ് പ്ലസ് ടു തലംവരെയുള്ള കുട്ടികൾക്ക് യാത്ര ചെയ്യാനുള്ള സൗകര്യം ഒരു ഉത്തരവുവഴി നിരോധിക്കുകയും പിന്നീട് അടുത്ത അധ്യയന വർഷം മുതൽ ഇത് പ്രാബല്യത്തിൽ

വരുമെന്ന് പറയുകയും ചെയ്യുന്നത്. ഗ്രാമപ്രദേശങ്ങളിൽ ബസ്സുകളുടെ എണ്ണം കുറവാണ്. മാത്രമല്ല ബസുകളിൽ കുട്ടികളെ കയറ്റുന്നില്ല. കെ.എസ്.ആർ.ടി.സി ബസുകളുടെ പേര് മാറിയിരിക്കുന്നു. ഇപ്പോൾ ലോക്കൽ ബസുകളൊന്നും ഇല്ല. എല്ലാം സൂപ്പർ എക്സ്പ്രസ് ബസ്സുകളാണ്. കുട്ടികളെ ആ ബസുകളിലൊന്നും കയറ്റുന്നില്ല. സ്വകാര്യ ബസുകാർ അവർക്ക് ഇഷ്ടമുള്ളതുപോലെ വിദ്യാർത്ഥികളെ കൈകാര്യം ചെയ്യുകയാണ്. വിദ്യാർത്ഥികൾക്ക് യാത്രചെയ്യാൻ കഴിയത്തക്ക നിലയിൽ ഇതിനായി വിദ്യാർത്ഥി സംഘടനകളേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽപെട്ടവരെയും ട്രേഡ് യൂണിയനുകളേയും യോജിപ്പിച്ച് സമഗ്രമായ നയം ആവിഷ്കരിക്കാൻ കഴിയുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇവിടെ നയത്തിന്റെ പ്രശ്നമല്ല. 1980-കളിൽ ആരംഭിച്ച സൗജന്യമാണ്. ആ സൗജന്യം നമ്മൾ കൊടുത്തുകൊണ്ടേയിരിക്കുകയാണ്. സൗജന്യത്തിനകത്ത് ഒരു എക്സ്റ്റൻഷൻ കൂടി കൊണ്ടുവന്നു. ആ എക്സ്റ്റൻഷനെ കുറിച്ച് തർക്കവിഷയങ്ങൾ പലതും പറഞ്ഞിട്ടുണ്ട്. ഞാൻ അതൊന്നും പറയുന്നില്ല. ഡീസലിന്റെ ചാർജ്ജ് 62 രൂപയിൽ നിന്ന് 52 രൂപയായി കുറഞ്ഞപ്പോൾ അധികലാഭമുണ്ടാകുന്നില്ലേ എന്ന ഒരു ചോദ്യം വന്നു. ചാർജ്ജ് തന്നെ കുറയ്ക്കണമെന്ന് ചില പ്രമുഖരായ ആളുകൾ പറഞ്ഞു. ആ

സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്തെ നാളത്തെ തലമുറയെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു തീരുമാനമെടുത്തു. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്ലസ് ടു തലംവരെയുള്ള കുട്ടികളുടെ യാത്ര സൗജന്യമാക്കുന്നതിനായി ഒരു പരീക്ഷണമെന്ന നിലയിൽ 1,35,000 കുട്ടികൾക്ക് യാത്രാസൗജന്യം അനുവദിച്ചു. എന്നാൽ സമ്പത്തുള്ള ആളുകളുടെ മക്കൾക്കും ഈ സൗജന്യം വേണോ; അത് അർഹിക്കുന്നവർക്കുമാത്രം കൊടുത്താൽ പോരേ എന്നുള്ള ചില വിമർശനങ്ങളുണ്ടായി. അതുകൊണ്ട് അതിനെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും ശരാശരി 10,000 രൂപയിൽ താഴെ വാർഷികവരുമാനമുള്ളവർക്കുമായി ഈ സൗജന്യം ലിമിറ്റ് ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കാമോ എന്ന പ്രസക്തമായ ഒരു ചോദ്യം ഉന്നയിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ മനസ് ഓപ്പണാണ്. ഗവൺമെന്റ് അതേക്കുറിച്ച് അവസാന തീരുമാനമെടുത്തിട്ടില്ല. ആ തീരുമാനം പിന്നീട് എടുക്കുന്നതാണ്. അതിനിടെ ഒരു കൺഫ്യൂഷൻ വന്നതായി അങ്ങ് പറഞ്ഞു. കഴിഞ്ഞവർഷമുണ്ടായിരുന്ന യാത്രാസൗജന്യം ഈ 1,35,000-നകത്ത് ഒതുക്കി നിർത്തണമോ വേണ്ടയോ എന്നതിനെക്കുറിച്ചുണ്ടായ ഒരു തർക്കത്തെ സംബന്ധിച്ച് വന്നതാണ് രണ്ടാമത്തെ സർക്കുലർ. മറ്റൊരു ഗവൺമെന്റ്

തീരുമാനമുണ്ടാകുന്നതുവരെ കൺഫ്യൂഷൻ വരാതിരിക്കുന്നതിനുവേണ്ടി വളരെ വ്യക്തമായി പിന്നീട് ഒരു ഗവൺമെന്റ് ഓർഡർ ഇറക്കിയപ്പോൾ ആ പ്രശ്നം ഇല്ലാതായി. ഇതൊക്കെ അവധിക്കാലത്തുണ്ടായ സംഭവങ്ങളാണ്. കുട്ടികൾ ക്ലാസിൽ പോകുന്ന സമയത്തുണ്ടായതല്ല. ഏതായാലും ഇത് വളരെ കൃത്യതയോടുകൂടി പാലിക്കുകയാണ്. എല്ലാപേരും ഇതിനോട് പൂർണ്ണമായും സഹകരിക്കുന്നുണ്ടെന്നാണ് എന്റെ വിശ്വാസം.

ശ്രീ. എം. ഉമ്മർ: സർ, മലബാറിലെ, പ്രത്യേകിച്ച് മലപ്പുറം ജില്ലയിലെ സ്കൂൾ കുട്ടികൾക്കൊന്നും ഇത്രയും സൗകര്യം ലഭിക്കുന്നില്ല. അതിനുള്ള പ്രധാന കാരണം അവിടെ ടൗൺ ബസുകളില്ലെന്നുള്ളതാണ്. ടൗൺ ബസുകൾ തീരെയില്ലാത്ത സ്ഥലങ്ങളിൽ ദീർഘദൂരത്തിലല്ലാതെ, ഷോർട്ട് റൂട്ടിലോടുന്ന ബസ്സുകളിലും യാത്രാസൗജന്യം അനുവദിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കേരളത്തിൽ അറുപത്തിയേഴ് ലക്ഷത്തോളം സ്കൂൾ കുട്ടികളുണ്ട്. അതിൽ കെ.എസ്.ആർ.ടി.സി. ബസിൽ കൺസഷനോടുകൂടി പോകുന്ന ആറ് ലക്ഷം കുട്ടികളാണുള്ളത്. കേരളത്തിലെ മുഴുവൻ കുട്ടികൾക്കും പഠിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കി കൊടുക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. പതിനാലായിരത്തോളം വരുന്ന സ്വകാര്യ ബസുകൾ

സൂപ്പർക്ലാസ്, ഹയർ ക്ലാസ് നിലയിലേയ്ക്ക് സ്വയം പ്രഖ്യാപിച്ച് മാറി. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അങ്ങനെ മാറിയത്. അപ്പോൾ കഴിയുന്നത്ര സൂപ്പർ ക്ലാസ് ബസ്സുകൾ ഓടിക്കാൻ കെ.എസ്.ആർ.ടി.സി. തീരുമാനിച്ചു. കേരളത്തിലെ പൊതുയാത്രാ സൗകര്യത്തിൽ 27 ശതമാനമാണ് കെ.എസ്.ആർ.ടി.സി വഹിക്കുന്നത്. ബാക്കിയുള്ള 63 ശതമാനം സ്വകാര്യമേഖലയിലാണ്. കെ.എസ്.ആർ.ടി.സി. യുടെ ശക്തിയിൽ നിന്ന് കൊടുക്കാവുന്നിടത്തോളം വണ്ടികൾ സൂപ്പർ ക്ലാസിലോടിക്കുക എന്നാണ് തീരുമാനിച്ചത്. അതേസമയം നേരത്തേ പല ഗവൺമെന്റുകളും എടുത്തുവന്ന നയം പോലെ, ഇവിടെ ലിമിറ്റഡ് സ്റ്റോപ് ഓർഡിനറിയായി സ്വകാര്യ ബസുകൾ ഓടിക്കാനും കെ.എസ്.ആർ.ടി.സി. ഓടിക്കേണ്ട എന്നുമുള്ള രൂപത്തിൽ ഒരു കോംപ്രമൈസ് ഉണ്ടാക്കിയിട്ടുണ്ട്. അപ്പോൾ 63 ശതമാനം വണ്ടികളിൽകൂടി കുട്ടികൾക്ക് യാത്രാസൗജന്യം ലഭിക്കും. കെ.എസ്.ആർ.ടി.സി-ക്ക് മാത്രമായി എല്ലാ കുട്ടികൾക്കും യാത്രാസൗജന്യം നൽകാൻ കഴിയാത്തതുകൊണ്ടാണ് ഈ നടപടിയെടുത്തത്.

ശ്രീ. കെ. അജിത്: സർ, അങ്ങ് കെ.എസ്.ആർ.ടി.സി വകുപ്പുമന്ത്രിയായതിനുശേഷം എനിക്ക് ഒരു ബസ്സാണ് അനുവദിച്ചത്. വേറെ

ബസ്സൊന്നും തന്നില്ല. എന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും കെ.എസ്.ആർ.ടി.സി. ബസ് വാങ്ങുന്നതിനായി ഒരു കോടി രൂപ ഈ വകുപ്പിന് കൊടുത്തിട്ട് രണ്ടുവർഷമായി. എന്റെ അറിവിൽ 18 എം.എൽ.എ.മാർ ഇതുപോലെ ആസ്തി വികസന ഫണ്ടിൽ നിന്നും പണം കൊടുത്തിട്ടുണ്ട്. ധനകാര്യ വകുപ്പും കെ.എസ്.ആർ.ടി.സി.യും തമ്മിലുള്ള അഭിപ്രായവ്യത്യാസത്തിന്റെ പേരിൽ ഈ ഫണ്ട് ലാപ്സായി പോകുന്ന അവസ്ഥയിലാണ്. ഈ സഭ തീരുന്നതിന് മുമ്പ് ഫണ്ട് ലാപ്സായി പോകാതെ വാഹനം വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ? കെ.എസ്.ആർ.ടി.സി പുതിയതായി രൂപീകരിച്ച ചില റൂട്ടുകളിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ ലഭിക്കുന്നില്ല. പുതിയ റൂട്ടുകളായതിനാൽ അവർ മാറ്റിവയ്ക്കുകയാണ്. പുതിയ റൂട്ടുകളിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ബസ് വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ ഈ സഭയിൽ ചർച്ചയ്ക്ക് വന്നതാണ്. അപ്പോൾ എല്ലാ നിയോജകമണ്ഡലത്തിലും ബസ് വാങ്ങുന്നതിനുള്ള ധാരാളം ആവശ്യങ്ങൾ മുന്നോട്ടുവന്നു. ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് ബസ് വാങ്ങുന്നതിന് എം.എൽ.എ. മാർ തയ്യാറായാൽ അതൊരു സ്കീമായി

കൊണ്ടുവരാമെന്ന് ഞാൻ പറഞ്ഞു. ആ സ്കീം ധനകാര്യ വകുപ്പുമായി ചർച്ച ചെയ്തപ്പോൾ ആസ്തി വികസന ഫണ്ടുപയോഗിച്ച് വാങ്ങുന്ന ബസ് കോർപ്പറേഷന്റെ സ്വത്തായി മാറുമെന്നുള്ള ഒരു സാങ്കേതിക പ്രശ്നം അവർ ഉന്നയിച്ചിരിക്കുകയാണ്. അതിന്റെ ചർച്ച പൂർത്തിയായിട്ടില്ല. ആ ചർച്ച പൂർത്തിയായാൽ മാത്രമേ ഇതിനെക്കുറിച്ച് ഫൈനൽ തീരുമാനമെടുക്കാൻ സാധിക്കൂ. യാത്രാപ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഞങ്ങൾ വച്ച പ്രൊപ്പോസലിന്മേൽ ധനകാര്യ വകുപ്പ് പറഞ്ഞ സാങ്കേതിക പ്രശ്നം കൂടി ചർച്ച ചെയ്ത് തീരുമാനിച്ചാൽ അതിന് പരിഹാരമുണ്ടാക്കാൻ കഴിയും.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, കഴിഞ്ഞ വർഷങ്ങളിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങൾ തക്കസമയത്തുതന്നെ ഡിപ്പാർട്ടുമെന്റിലെ എം.ഡി.-യെ അറിയിച്ചിട്ടും ഇത്തവണ അവർക്ക് കൺസഷൻ കൊടുക്കാത്ത സാഹചര്യം സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുസംബന്ധിച്ച് എന്ത് തീരുമാനമെടുത്തു എന്നതാണ് ഒരു വിഷയം. മറ്റൊരു പ്രധാനപ്പെട്ട വിഷയം കാസർഗോഡ് ജില്ലയിൽ അന്തർ സംസ്ഥാന റൂട്ടിൽ, പ്രത്യേകിച്ച് മംഗലാപുരത്തേക്ക് വിദ്യാർത്ഥികൾ ഒരുപാടുപേർ പോകുന്നുണ്ട്. കേരളത്തിലെ കെ.എസ്.ആർ.ടി.സി. അവർക്ക് കൺസഷൻ അനുവദിക്കുന്നില്ല.

എന്നാൽ കർണ്ണാടക കെ.എസ്.ആർ.ടി.സി. അവരുടെ ബസ്സുകളിൽ കൺസഷൻ അനുവദിക്കുന്നു. അത്തരം ഒരു സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്തുള്ള വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൺസഷൻ അനുവദിക്കാത്തതിന് പരിഹാരം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് പറഞ്ഞ നിർദ്ദേശം ഗൗരവമായി ആലോചിക്കുന്നതാണ്. ഒരു കാര്യംകൂടി ഞാൻ പറയാം. ഇന്റർസ്റ്റേറ്റ് ബസ്സുകളിൽ ഫ്ലക്സിബിളായിട്ടുള്ള ചാർജ്ജാണ് ഉള്ളത്. സീസൺ ടൈമിൽ ചാർജ് കൂട്ടുകയും ഓഫ് സീസൺ ടൈമിൽ ചാർജ് കുറയ്ക്കുകയും ചെയ്യുന്ന കർണ്ണാടക-തമിഴ്നാട് മോഡൽ ഫ്ലക്സിബിൾ ചാർജ്ജുകളുണ്ട്. കേരളവും ഫ്ലക്സിബിൾ റേറ്റിലേയ്ക്ക് മാറുന്നതിന് വേണ്ടിയുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. അത് വന്നുകഴിയുമ്പോൾ ഇന്റർ സ്റ്റേറ്റ് ബസ്സുകൾക്ക് മറ്റ് സ്റ്റേറ്റുകളിലെ ബസ്സുകളുമായി കോംപീറ്റ് ചെയ്ത് നിൽക്കാൻ കഴിയുമെന്നുള്ളതാണ് ഞങ്ങളുടെ നിഗമനം. അങ്ങ് പറഞ്ഞ കാര്യം പ്രത്യേകമായി വേറെ പരിശോധിക്കുന്നതാണ്.

## <u>ലഹരിവിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്കുള്ള ധനസഹായം</u>

3(*453) <u>ശ്രീ. ലൂഡി ലൂയിസ്</u>:

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>:

<u>ശ്രീ. ഷാഫി പറമ്പിൽ</u>:

ശ്രീ. എം. പി. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരിവിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്കുള്ള ധനസഹായ വിതരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് പ്രസ്തുത കേന്ദ്രങ്ങൾക്ക് നൽകുന്നതെന്ന് വിശമാക്കുമോ;

(ഡി) ധനസഹായം നൽകുവാൻ എന്തെല്ലാം നടപടിയെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ,

(എ) ലഹരിവിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) സമൂഹത്തിൽ വർദ്ധിച്ചുവരുന്ന അമിത മദ്യപാനം, ലഹരി വസ്തുക്കളുടെ ഉപയോഗം എന്നിവയിൽനിന്നും കേരള സമൂഹത്തെ വിമുക്തമാക്കുക, മദ്യ-

മയക്കുമരുന്നുകൾക്ക് അടിമകളായവരെ ലഹരിവിമുക്ത ചികിത്സയിലൂടെ വീണ്ടും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് തിരികെ കൊണ്ടുവരിക എന്നിവയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. സമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പൂർണ്ണമായ മേൽനോട്ടച്ചുമതല സംസ്ഥാന എക്സൈസ് വകുപ്പിനാണ്. ഈ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഏകോപന ചുമതല ബോധവൽക്കരണ വിഭാഗം ജോയിന്റ് എക്സൈസ് കമ്മീഷണർക്കാണ്. കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി അനുവദിക്കുന്ന തുകയിൽനിന്നാണ് ധനസഹായം നൽകുന്നത്. സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളുടെ പരിശോധനകൾക്കുശേഷം അർഹമായ സ്ഥാപനങ്ങളെ കണ്ടെത്തി ധനസഹായം അനുവദിക്കുകയാണ് ചെയ്തുവരുന്നത്.

(സി) സർക്കാർ-സർക്കാരിതര സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന ലഹരിവിമുക്ത ചികിത്സാകേന്ദ്രങ്ങൾക്ക് ലഹരിവിമുക്ത ചികിത്സ സംബന്ധിച്ച ചെലവുകൾക്കും ഇത്തരം സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ലഹരിവിമുക്ത ക്യാമ്പുകൾക്കുമാണ് ഈ പദ്ധതി വഴി ധനസഹായം നൽകിവരുന്നത്.

(ഡി) ഈ പദ്ധതിയോട് അനുബന്ധിച്ച് പരിശോധനകൾ നടത്തി അർഹമായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും മറ്റുമായി 29-10-2013-ലെ സ.ഉ. (സാധാ) നം. 848/2013/നി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എക്സ്സൈസ് കമ്മീഷണർ ചെയർമാനായും കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറായും സാമൂഹ്യ നീതി ഡയറക്ടർ ഒരു സാമൂഹ്യപ്രവർത്തക അംഗങ്ങളായുള്ള സംസ്ഥാനതല സമിതിയും ജില്ലാ കളക്ടർ ചെയർമാനായും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ കൺവീനറായും ജില്ലാ സാമൂഹ്യനീതി ഡയറക്ടർ, ഒരു സന്നദ്ധ പ്രവർത്തകൻ എന്നിവർ അംഗങ്ങളായിട്ടുള്ള ജില്ലാതല സമിതിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പരിശോധനകൾ നടത്തുന്നതിനായി 23-08-2013 തീയതിയിലെ ജി.ഒ. (എം.എസ്.) നം. 147/2013/നി.വ. പ്രകാരം ഇതിനായുള്ള മാനദണ്ഡം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാതല സമിതിയുടെയും സംസ്ഥാനതല സമിതിയുടെയും പരിശോധനകൾക്ക് ശേഷം 11 ലഹരിവിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ആകെ 1,00,35,840 രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പുതുതായി ധനസഹായത്തിന് അർഹമായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. ലൂഡി ലൂയിസ്</u>: സർ, ബിവറേജസ് കോർപ്പറേഷന്റെ മദ്യവിൽപ്പനയിൽ

കുറവുണ്ടായിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ സഭയിൽ പറഞ്ഞിട്ടുണ്ട്. ഇതിന്റെ ഫലമായി വരുമാനത്തിലുണ്ടായ കുറവ് കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഇനത്തിൽ ചെലവഴിക്കുന്ന തുകയെ ബാധിക്കുമോ; ഈ സാമ്പത്തിക വർഷം കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഇനത്തിൽ എത്ര തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്; ഏതൊക്കെ പദ്ധതികൾക്കുവേണ്ടിയാണ് ഈ തുക ചെലവഴിക്കുന്നത്?

ശ്രീ. കെ. ബാബു: സർ, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി പദ്ധതിയിൽ ഈ വർഷം 2.10 കോടി രൂപ..... 3.50 കോടി രൂപവരെ ചെലവഴിക്കാൻ സാധിക്കും. മദ്യവിൽപ്പനയിൽ ഈ സാമ്പത്തികവർഷം ഏപ്രിൽ-ജൂൺ മാസങ്ങളിലെ കണക്കുകൾ പ്രകാരം 18 ശതമാനം കുറവുണ്ടായിട്ടുണ്ട്. അതായത് 1.10 കോടി ലിറ്റർ മദ്യത്തിന്റെ വിൽപ്പനയിൽ കുറവുണ്ടായിട്ടുണ്ട്. എന്നാൽ വിൽപ്പനയിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും വരുമാനത്തിൽ കുറവുണ്ടായിട്ടില്ല. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയെ ഇത് ബാധിക്കുന്നതല്ല.

ശ്രീ. ലൂഡി ലൂയിസ്: സർ, സംസ്ഥാനത്തെ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടുകൂടി സംസ്ഥാന എക്സൈസ് വകുപ്പിനാണ്. നമ്മുടെ

സംസ്ഥാനത്ത് ഒട്ടനവധി ഡീ-അഡിക്ഷൻ സെന്ററുകൾ പല ഏജൻസികളും ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഇവരെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ; ഇവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെങ്കിലും തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. കെ. ബാബു: സർ, ഡീ-അഡിക്ഷൻ സെന്ററുകൾക്ക് സഹായം നൽകുന്നതിന് നേരത്തേ ഉത്തരത്തിൽ വായിച്ചതുപോലുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റിയാണ് പരിശോധന നടത്തി കണ്ടെത്തുന്നത്. കഴിഞ്ഞ പ്രാവശ്യം വച്ച മാനദണ്ഡത്തിൽ കേന്ദ്രഗവൺമെന്റിന്റെ സഹായം ലഭിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകൾക്ക് സഹായം നൽകേണ്ടതില്ല എന്ന് തീരുമാനിച്ചു. അങ്ങനെ വന്നപ്പോൾ 11 ഡീ-അഡിക്ഷൻ സെന്ററുകൾക്കാണ് കഴിഞ്ഞവർഷം സഹായം നൽകിയത്. എന്നാൽ പലഭാഗത്തുനിന്നുള്ള അപേക്ഷകളുടെയും അഭ്യർത്ഥനകളുടെയും അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റിന്റെ സഹായം ലഭിക്കുന്നവരായാലും സംസ്ഥാനത്ത് ഫലപ്രദമായി പ്രവർത്തിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകൾക്കുകൂടി സഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ 8 അപേക്ഷകൾ ലഭിച്ചിരുന്നു. അതിൽ 4 അപേക്ഷകൾ ഇന്നലെ കൂടിയ ബിവറേജസ് കോർപ്പറേഷന്റെ ബോർഡ് യോഗം പരിഗണിച്ചിട്ടുണ്ട്.

അതുപോലെതന്നെ ഇതിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് ഒരു സർക്കുലർ 23-08-2013-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. പല മാനദണ്ഡങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് സ്ഥാപനത്തിൽ ഒരേ സമയം ചുരുങ്ങിയത് 15 പേർക്ക് ലഹരിവിമുക്ത ചികിത്സ നൽകാൻ സൗകര്യമുണ്ടായിരിക്കണം എന്നുള്ളതാണ്.

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>: സർ, ലഹരിവിമുക്ത കേരളം എന്നുള്ള ലക്ഷ്യത്തിലേയ്ക്കുവേണ്ടിയാണ് ഇതൊക്കെ ചെയ്യുന്നത്. സംസ്ഥാനഗവൺമെന്റിന്റെ പുതിയ മദ്യനയത്തിന്റെ ഭാഗമായി മദ്യവിൽപ്പനയിൽ എത്രമാത്രം കുറവ് സംഭവിച്ചിട്ടുണ്ട്; പുതിയ മദ്യനയത്തിന്റെ ഭാഗമായി ബാറുകൾ എല്ലാം അടച്ചുപൂട്ടിയതിന്റെ പശ്ചാത്തലത്തിൽ ഗവൺമെന്റിന് കണക്കുണ്ടോ; കണക്കുകൾ വിശദമാക്കാമോ; വരുന്ന സാമ്പത്തികവർഷം എത്ര ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നുണ്ട്?

<u>ശ്രീ. കെ. ബാബു</u>: സർ, മദ്യവിൽപ്പനയിലെ കുറവ് സംബന്ധിച്ച് ഞാൻ പറഞ്ഞു. ഏപ്രിൽ-ജൂൺ മാസങ്ങളിലെ കുറവ് 18 ശതമാനമാണ്. ഒരുകോടി പത്തുലക്ഷം ലിറ്റർ മദ്യത്തിന്റെ വിൽപ്പനയിൽ കുറവുണ്ടായിട്ടുണ്ട്. എന്നാൽ ഏപ്രിൽ-ജൂൺ മാസങ്ങളിൽ വിൽപ്പനയിലെ വർദ്ധനവ് 323 കോടി രൂപയാണ്. കഴിഞ്ഞ സാമ്പത്തിക വർഷം 659 കോടി രൂപ വിൽപ്പനയിൽ വർദ്ധിച്ചു. ഇങ്ങനെ

വർദ്ധിക്കാനുള്ള പ്രധാന കാരണം സെയിൽ ടാക്സ്, എക്സൈസ് നികുതി എന്നിവയിലുണ്ടായ വർദ്ധനവാണ്. ഈ വർഷം പ്രഖ്യാപിച്ചിട്ടുള്ള മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ 10 ശതമാനം ബിവറേജസ് ഷോപ്പുകൾ അടച്ചുപൂട്ടണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ദൃശ്യ-മാധ്യമങ്ങളിൽ പലതരത്തിലുള്ള പരസ്യങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഡീ-അഡിക്ഷനുമായി ബന്ധപ്പെട്ട് ചില ച്യൂയിംഗവും അതുപോലുള്ള എന്തെങ്കിലും സാധനം ച്യൂ ചെയ്താൽ 12 ആഴ്ചകൊണ്ട് അതിൽ നിന്നും മോചനം നേടാൻ കഴിയും എന്നുള്ളതരത്തിൽ പ്രചരണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ആരോഗ്യവകുപ്പുമായി ചേർന്ന് ഇത്രയും വ്യാപകമായി പരസ്യം നൽകുന്ന ഈ സാധനങ്ങളുടെ ക്രഡിബിലിറ്റിയും വിശ്വാസ്യതയും പരിശോധിച്ച് ഗവൺമെന്റ് അക്കാര്യത്തിൽ ഒരു നടപടി എടുക്കുമോ?

ശ്രീ. കെ. ബാബു: സർ, ജനങ്ങളെ ചൂഷണം ചെയ്യുന്ന ഡീ-അഡിക്ഷൻ സെന്ററുകളെയും ഇതുപോലുള്ള ചികിൽസാകേന്ദ്രങ്ങളെയും സംബന്ധിച്ച് പരിശോധന നടത്തുന്നത് എക്സൈസ് ഡിപ്പാർട്ടുമെന്റല്ല. അത് ആരോഗ്യവകുപ്പാണ് നടത്തേണ്ടത്. എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ പരിധിയിൽ ഇത് വരുന്നില്ല. ആരോഗ്യവകുപ്പോ സാമൂഹ്യനീതി വകുപ്പോ ആണ് ഇതുസംബന്ധിച്ച് പരിശോധന

നടത്തേണ്ടത്. ഇക്കാര്യം ബഹുമാനപ്പെട്ട സഹമന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്താം.

ശ്രീ. എം. പി. വിൻസെന്റ്: സർ, സംസ്ഥാനത്ത് ഇന്ന് അംഗീകരിക്കപ്പെട്ടതും അനധികൃതമായി പ്രവർത്തിക്കുന്നതുമായ രണ്ടുതരം ലഹരിവിമുക്ത കേന്ദ്രങ്ങളുണ്ട്. ചില സ്ഥലങ്ങളിൽ അപരിഷ്കൃതമായ രീതിയിൽ ചികിത്സ നടത്തുന്നതായി റിപ്പോർട്ടുകളുണ്ട്. എന്നാൽ മറ്റുചിലയിടങ്ങളിൽ നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അതുപോലെ ഗവൺമെന്റ് പോലീസ് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ഇത്തരം കേന്ദ്രങ്ങൾ തുടങ്ങുമെന്ന് പത്ര-മാധ്യമങ്ങളിലൊക്കെ കണ്ടിരുന്നു. അതിൽ എത്ര മാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് അറിഞ്ഞുകൂടാ. എന്റെ ചോദ്യം, എന്നുമുതലാണ് കെ.എസ്.ബി.സി. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി പദ്ധതി ആരംഭിച്ചത്; ഇതനുസരിച്ച് എത്ര തുക ഈ പദ്ധതികൾക്കായി മാറ്റിവച്ചിട്ടുണ്ട്?

ശ്രീ. കെ. ബാബു: സർ, 2013-ലെ അബ്കാരി പോളിസിയുടെ അടിസ്ഥാനത്തിലാണ് ഇത് ആരംഭിച്ചത്. അന്ന് കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR) മാൻഡേറ്ററി ആയിരുന്നില്ല. എന്നാൽ കഴിഞ്ഞവർഷം കേന്ദ്രഗവൺമെന്റ് CSR മാൻഡേറ്ററിയാക്കി മാറ്റിയിട്ടുണ്ട്. Section 135 of the Companies Act- The Corporation is to spend atleast 2% of the average net profit for the last 3 years for CSR activities. മാൻഡേറ്ററി അല്ലാത്ത

സമയത്തുതന്നെ ബിവറേജസ് കോർപ്പറേഷൻ CSR കൊടുക്കാൻ തീരുമാനിച്ചു.

2013-ലാണ് കൊടുക്കാൻ തീരുമാനിച്ചത്. (ചോദ്യോത്തര സമയം കഴിഞ്ഞു)